# ഗോസ്പൽ മെസഞ്ചർ

₹12

VOLUME XVI ISSUE 11 | FEBRUARY 2026 | ക്രിസ്തീയ കുടുംബ മാസിക



CONTENTS


03 'ഓഡിറ്റ്' കണക്കു പരിശോധന
ഡോ. വി. പി. മത്തായി വാലയിൽ

05 ഇത് മുന്നേറാനുള്ള സമയം
ഡോ. നെൽസൻ മാത്യു വാലയിൽ

07 ദാമ്പത്യബന്ധം സുദൃഢമാക്കാൻ ലൈംഗികതയുടെ പങ്ക്
പ്രൊഫ. ജോൺ സഖറിയ

09 പ്രത്യാശാനിർഭരമായ ക്രിസ്തീയ ജീവിതം
ഡോ. നെൽസൺ അബ്രഹാം

13 ചീട്ടിടൽ (Casting lots)
റവ. ബേസിൽ ജോർജ്ജ്

11 മഗ്ദലക്കാരത്തി മറിയ – ഏഴു ഭൂതങ്ങൾ വിട്ടുപോയവൾ
ലീലാമ്മ ഉമ്മൻ

15 കുഞ്ഞുമുയലും വലിയകാടും
ടീച്ചർ

25 ക്രിസ്തീയ പെരുമാറ്റത്തിന്റെ അടിസ്ഥാനം
റവ. സണ്ണി കെ ജോൺ

- അഗ്നി അഗ്നിയെ ഉൽപ്പാദിപ്പിക്കുന്നു
- ന്യൂസ്
- ദൈനംദിന സഹായി
- ആരോഗ്യവിചാരം
- ബൈബിൾ ക്വിസ്
- അനുഭവസാക്ഷ്യം


EDITORIAL

# കർത്താവിന്റെ വേല തിടുക്കത്തോടെ

"ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു" (യോഹ. 9:4) എന്ന് നമ്മുടെ കർത്താവ് പറഞ്ഞത് എത്രയോ അന്വർത്ഥമാകുന്നു. എവിടെയും അശാന്തിയും അരക്ഷിതാവസ്ഥയും നിലനിൽക്കുകയാണ്. നീതിയും ന്യായവും നടത്തേണ്ട അധികാരികളിൽ നിന്നും അനീതിയും അഴിമതിയും അന്യായവും പുറപ്പെടുന്ന കാഴ്ചയാണ് നാം കാണുന്നത്. യുദ്ധങ്ങളേയും യുദ്ധഭീതിയേക്കുറിച്ചും നാം കേൾക്കുന്നു. എവിടെയും ഒരു ഭീതിയുടെ അന്തരീക്ഷം നിലനിൽക്കുന്നു. ഇന്ന് നാം അനുഭവിക്കുന്ന സ്വാതന്ത്ര്യവും തമ്മിൽ തമ്മിലുള്ള അംഗീകാരവും ഇനി അധികകാലം അനുഭവിക്കുമെന്ന് യാതൊരു നിശ്ചയവുമില്ല. അതിനാൽ കർത്താവിന്റെ വേല തിടുക്കത്തോടെ നാം ചെയ്യണം. മറ്റൊരു കാരണം വ്യക്തിഗതമായിട്ടുള്ളതാണ്. വർഷം ചെല്ലുന്തോറും നമ്മുടെ ആരോഗ്യം ക്ഷയിച്ചുവരുന്നു എന്നത് യാഥാർത്ഥ്യമാണല്ലോ. ഇന്നത്തെ ആരോഗ്യവാന്മാരാണ് നാളത്തെ രോഗികൾ. വളരെ വേഗത്തിൽ മനുഷ്യന്റെ സ്ഥിതിഗതികൾ മാറിമറയുന്നു. എപ്പോൾ വേണമെങ്കിലും ശാരീരിക മാനസിക സ്ഥിതിക്ക് മാറ്റം വരാം. അതിനാൽ കർത്താവിന്റെ വേല തിടുക്കത്തോടെ ചെയ്യണം. ഹഗ്ഗായി 2:4ൽ എഴുതിയിരിക്കുന്നതുപോലെ "ധൈര്യപ്പെടുക, ദേശത്തിലെ സകലജനങ്ങളുമായുള്ളോരെ ധൈര്യപ്പെട്ട് വേല ചെയ്‌വിൻ" എന്ന് നമ്മുടെ കർത്താവ് നമ്മോട് ആവശ്യപ്പെടുകയാണ്. അതുകൊണ്ട് നമ്മെ ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വം സകല മനുഷ്യരോടും സുവിശേഷം അറിയിക്കുക എന്നതാണ്. അത് നിർവ്വഹിപ്പാൻ നാം കൂടുതൽ കൂടുതലായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പാപാന്ധകാരത്തിൽ കിടന്നിരുന്ന നമ്മെ, പാപികൾ ആയിരുന്നപ്പോൾ തന്നേ അവസാനതുള്ളി രക്തംവരെ ഊറ്റിത്തന്ന് വീണ്ടെടുത്ത കർത്താവിന്റെ അനന്തമായ കൃപകളെ നമ്മുടെ അതേ അവസ്ഥയിൽ കിടക്കുന്നവരെ ബോദ്ധ്യപ്പെടുത്തുവാനും അവരെയും ഈ സ്വർഗ്ഗീയ സന്തോഷത്തിലേക്ക് കൈപിടിച്ചു നടത്തുവാനും നമുക്ക് ഉത്തരവാദിത്വമുണ്ട്. വചനം നമ്മെ ഓർമ്മപ്പെടുത്തുന്നത്. "നിങ്ങളോ അന്ധകാരത്തിൽനിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു" (1 പത്രൊസ് 2:9). വിളിച്ചവന്റെ സൽഗുണങ്ങളെ അനേകരെ അറിയിക്കാൻ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഭാരത സുവിശേഷീകരണ യജ്ഞത്തിൽ പങ്കാളിയാകാൻ താങ്കളെയും ക്ഷണിക്കുന്നു. പെസഹ ഭക്ഷിക്കുമ്പോൾ "അര കെട്ടിയും, കാലിന്നു ചെരിപ്പിട്ടും, കയ്യിൽ വടി പിടിച്ചും കൊണ്ട് നിങ്ങൾ തിന്നേണം തിടുക്കത്തോടെ നിങ്ങൾ തിന്നേണം." (പുറപ്പാട് 12:11) എന്ന് പറഞ്ഞിരിക്കുന്നതുപോലെ, കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു എന്ന് കാലാവസ്ഥാ വ്യതിയാനങ്ങളും ലോകസംഭവങ്ങളും നമ്മെ വിളിച്ചറിയിക്കുമ്പോൾ തിടുക്കത്തോടെ നമുക്ക് കർത്താവിന്റെ വേല ചെയ്യാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ ഒരുക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

■■■



രാജൻ എം.തോമസ്


EDITORIAL BOARD

PUBLISHER : Dr. V. P. Mathai Valayil
CHIEF EDITOR: Rajan M Thomas
EDITOR : Baby George
MEMBERS : Dr. Nelson Mathew, Soja Tony, Alice Shajan, Sajitha M.S.



GOSPEL MESSENGER
E.G.M. OF INDIA
Allapra P.O, Allapra, Ernakulam Dist., Kerala 683556

egmofindia@gmail.com
8281616654


For Donation to Gospel Messenger



ഡയറക്ടറുടെ കത്ത്



ഡോ. വി.പി. മത്തായി വാലയിൽ

# 'ഓഡിറ്റ്' കണക്കു പരിശോധന

**ദൈവാത്മാവിന്റെ സഹായത്തോടെ ഉചിതമായ സമയത്തെല്ലാം ഇന്റേർണൽ ഓഡിറ്റിംഗ് & സബ്മിഷൻ (IAS) ആവശ്യമാണ് ഓരോ ഐഎഎസ് കഴിയുമ്പോഴും അംഗീകാരത്തിന്റെ സ്റ്റാർ ലഭിക്കും.**

എല്ലാവർക്കും വളരെ പരിചിതമായതും ചിലർക്കൊക്കെ ഭയം ഉളവാക്കുന്നതുമായ വാക്കാണ് ഓഡിറ്റ്. കഴിഞ്ഞമാസം നമ്മുടെ മിഷൻ പ്രവർത്തകർക്കായി രണ്ടുദിവസത്തെ ഓറിയന്റേഷൻ പ്രോഗ്രാം നടത്തുകയുണ്ടായി. ഇതിൽ ഒന്നാം ദിവസം ക്ലാസ്സെടുക്കുവാൻ വന്ന കർത്താവിന്റെ ദാസൻ പഠിപ്പിച്ച പല കാര്യങ്ങളിൽ ഒന്നായിരുന്നു സെൽഫ് ഓഡിറ്റിംഗ്. ഇതിന്റെ ഉൾപ്പിരിവുകളിലേക്ക് നീങ്ങിയപ്പോൾ വളരെ ചിന്തനീയമായി അനുഭവപ്പെട്ടു.

ഓരോ വ്യക്തിക്കും അവരവരുടെ പ്രവർത്തനങ്ങളും സാദ്ധ്യതകളും ഓഡിറ്റുചെയ്യാം. സമയത്തിന്റെ ഓഡിറ്റിംഗ് വരെ അനിവാര്യമായിരിക്കുന്നു. പണം മാത്രമല്ല നമ്മുടെ 'ഗിഫ്റ്റ് & ടാലന്റ്സ്' പരിശോധനക്ക് വിധേയമാക്കുന്നത് നല്ലതാണ്. ഓരോ സുവിശേഷകനും തന്റെ സുവിശേഷവേല ഓഡിറ്റ് ചെയ്യേണ്ടത് അനിവാര്യമാണ്. വേലയിലും ഉത്തരവാദിത്വത്തിലും നമ്മുടെ നിർവ്വഹണം (Performance) വിലയിരുത്തപ്പെടണം. രക്ഷിക്കപ്പെട്ട ഒരു വിശ്വാസി, നിയമിക്കപ്പെട്ട ഒരു വിശ്വാസി, പ്രവർത്തിക്കുന്ന ഒരു വിശ്വാസി കാത്തിരിക്കുന്ന ഒരു വിശ്വാസി – ഇവരെല്ലാവരും സ്വയം ഓഡിറ്റ് ചെയ്യപ്പെടണം. എന്റെ അഭിപ്രായത്തിൽ ദൈവാത്മാവിന്റെ സഹായത്തോടെ ഉചിതമായ സമയത്തെല്ലാം ഇന്റേർണൽ ഓഡിറ്റിംഗ് & സബ്മിഷൻ (IAS) ആവശ്യമാണ് ഓരോ ഐഎഎസ് കഴിയുമ്പോഴും അംഗീകാരത്തിന്റെ സ്റ്റാർ ലഭിക്കും. ഒടുവിലായി ആത്മശരീര മനസ്സുകളുടെ സമ്പൂർണ്ണ സമർപ്പണത്തിൽ

## ഗോസ്പൽ മെസഞ്ചർ വായനക്കാരുടെ അറിവിലേക്ക്...

ഇന്ത്യയിലാകെ Registered News Paper (RNP)ന്റെ WPP & Postal Licence സംവിധാനം ഗവൺമെന്റ് നയത്തിന്റെ ഭാഗമായി നിർത്തലാക്കിയിരിക്കുകയാണ്. അതിൻപ്രകാരം നമ്മുടെ മാസിക, 2026 ജനുവരി മുതൽ 'പീരിയോഡിക്കൽ' എന്ന കാറ്റഗറിയിൽ Rs.2/- സ്റ്റാമ്പ് ഒട്ടിച്ചാണ് പോസ്റ്റ് ചെയ്യുന്നത്. സുവിശേഷവേല എന്ന രീതിയിലാണ് നമ്മൾ മാഗസിൻ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതും വിതരണം ചെയ്യുന്നതും. എന്നാൽ പുതിയ നിയമങ്ങൾ നമുക്ക് ഒത്തിരി സാമ്പത്തിക ചിലവ് ഉണ്ടാക്കുന്നു. അതിനാൽ മാസികയുടെ വരിക്കാരുടെ അഡ്രസ്സ് പുതുക്കി നിർണ്ണയിക്കാൻ നമ്മൾ നിർബന്ധിതരായിരിക്കുകയാണ്. അതുകൊണ്ട് ഈ മാസിക തുടർന്നും നിങ്ങൾക്ക് ആവശ്യമെങ്കിൽ Ph: +918281616654 എന്ന നമ്പറിൽ ബന്ധപ്പെടുക. Letter/ Whatsapp/ E-mail തുടങ്ങിയ ഏതുവിധേനയും ആവശ്യം അറിയിക്കാവുന്നതാണ്. നിങ്ങളുടെ മറുപടിക്കായി മാർച്ച് മാസം അവസാനം വരെ കാത്തിരിക്കുന്നു. വ്യക്തമായ മറുപടി ലഭിക്കാതിരുന്നാൽ, അറിയിപ്പ് കൂടാതെ 2026 ഏപ്രിൽ മാസം മുതൽ വാർഷിക വരിസംഖ്യ അടച്ചവർക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതാണ്. Whatsapp വഴിയോ e-mail വഴിയോ മാഗസിന്റെ PDF ആവശ്യമെങ്കിൽ Whatsapp നമ്പറോ mail - IDയോ നിർബന്ധമായും മുകളിൽ പറഞ്ഞ നമ്പറിൽ അയക്കണം. ദൈവം അനുഗ്രഹിക്കട്ടെ!

പ്രാർത്ഥനയോടെ, ചീഫ് എഡിറ്റർ

ജയിക്കുന്നവന് "ഉദയനക്ഷത്രം" (വെളിപ്പാട് 2:29). കൊടുക്കും. കർത്താവിനോടു കൂടെയുള്ള മഹത്വം എന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വർഷത്തിലൊരിക്കൽ ITR ഫയൽ ചെയ്യുന്നതുപോലെ നമ്മൾ നമ്മെ സ്വയം പരിശോധിച്ച് ദൈവമുമ്പാകെ സമർപ്പിക്കണം ഓരോ പ്രാവശ്യം ഓരോ കാര്യത്തിനും ഓരോ സബ്മിഷനും അപ്പോൾത്തന്നെ ഓരോ സ്റ്റാർ അവൻ തരുമെന്ന് വിശ്വസിക്കാനാണെനിക്കിഷ്ടം.

നമ്മൾ ജയിക്കുമോ എന്നതേ സംശയമുള്ളൂ. ഉദാഹരണം സമയം എത്രമാത്രം നാം നഷ്ടമാക്കിക്കളയുന്നു. ശേഷം സമയമില്ലെന്ന് പറഞ്ഞു ഒഴികഴിവു പറയുന്നത് വേറെ. അനാവശ്യമായി എത്രമാത്രം സമയം ആണ് നമുക്ക് അന്യംനിന്നു പോകുന്നത്. പാപം ചെയ്യുവാനും അതിനായി ചിന്തിക്കുന്നതിനും അതിലേക്ക് വഴിവെട്ടുന്നതിനുമായി എത്രമാത്രം സമയമാണ് നാം ചിലവാക്കുന്നത്. ദൈവത്തിന് ഇഷ്ടമല്ലാത്ത ഒരു കാര്യത്തിനായി നാം ചിലവിടുന്ന സമയം എങ്ങനെ ദൈവസന്നിധിയിൽ പറഞ്ഞ് നമുക്ക് ഒഴിവാകാൻ കഴിയും. പണം വീണ്ടും സമ്പാദിക്കാം എന്നാൽ നഷ്ടപ്പെടുന്ന സമയം ഒരിക്കലും തിരിച്ചുപിടിക്കുവാൻ കഴിയില്ലെന്ന് ഓർക്കണം കെട്ടോ.

ഇതേപോലെതന്നെ പ്രധാനമാണ് സമ്പത്ത് (പണം) നമ്മൾ അതിന്റെയും കാര്യവിചാരകരാകണം കെട്ടോ. നമ്മുടെ വരുമാനവും നമ്മുടെ ചിലവും ദൈവസന്നിധിയിൽ പരിശോധിക്കപ്പെടണം പ്രത്യേകിച്ചും ദൈവമക്കളുടെ ഒന്നുകൂടി പറഞ്ഞാൽ കർത്തൃശുശ്രൂഷയിൽ ഉള്ള ദൈവമക്കളുടെ നിർബന്ധമായും പരിശോധിക്കപ്പെടണം. അവിശുദ്ധമായ വരുമാനങ്ങളും ചിലവുകളും കർത്തൃവേലക്കാർക്ക് ഉണ്ടായിക്കൂടാ. അഥവാ ദൈവഹിതപ്രകാരമുള്ള വരവും ദൈവ ഇഷ്ടപ്രകാരമുള്ള ചിലവും മാത്രമേ ഉണ്ടാകാവൂ. സഹോദരനും സഹോദരിക്കുമുള്ള ഓഹരി നമ്മിൽ അനുവാദമില്ലാതെ വന്നുകൂടാ. അയൽവാസികൾക്കും പ്രസ്ഥാനങ്ങൾക്കും കൂട്ടായ്മകൾക്കും സഭകൾക്കും മാത്രം അവകാശപ്പെട്ടത് നമ്മുടെ പേരിലാക്കിക്കൂടാ. മാതാപിതാക്കൾക്കുള്ള ഓഹരി ഒരിക്കലും മറ്റു മക്കളുടെ അനുവാദമില്ലാതെ പേരിൽ ചേർത്ത് ഉപയോഗിക്കരുത്. മക്കളായ നമ്മൾ തികച്ചും നമ്മുടെ മാതാപിതാക്കളുടെ സംരക്ഷകരായിരിക്കണം. പ്രത്യേകിച്ചും ദൈവമക്കളായവർ ഒരിക്കലും വിസ്മരിച്ചുകൂടാ.

നമുക്ക് ദൈവം തന്നിട്ടുള്ള കഴിവുകളും പ്രാപ്തികളും ദൈവത്തിനായും ദൈവരാജ്യത്തിന്റെ വിപുലീകരണത്തിനായും ഉപയോഗിക്കണം. ലഭിച്ചത് എത്ര? വിനിമയം ചെയ്തത് എത്ര? എന്ന് നാൾതോറും സ്വയം പരിശോധനക്ക് വിധേയമാക്കണമേ. ന്യായങ്ങൾ പറഞ്ഞ് കുഴിച്ചുമൂടുമ്പോൾ, ഒരു നാളിൽ തന്നവൻ തിരിച്ചു ചോദിക്കും. (മത്തായി 25:14-30). നമുക്ക് ലഭിക്കുന്ന സ്ഥാനമാനങ്ങളും പദവികളും എങ്ങനെ ഉപയോഗിച്ചെന്ന് സ്വയം ഓഡിറ്റ് ചെയ്യേണ്ടതാണ്. നമ്മുടെ ഔദ്യോഗിക സ്ഥാനങ്ങൾ എല്ലാം മറ്റുള്ളവർക്ക് നന്മചെയ്യുവാനുള്ളതാണ്. അതിനുപകരം നാം മറ്റുള്ളവർക്ക് തിന്മ ചെയ്താലോ? എസ്ഥേറിനോട് മൊർദ്ദെഖായി പറയുന്ന വാക്കുകൾ നാം ശ്രദ്ധിച്ചിട്ടില്ലേ. "നീ ഈ സമയത്തു മിണ്ടാതിരുന്നാൽ യെഹൂദന്മാർക്ക് മറ്റൊരു സ്ഥലത്തുനിന്നു ഉദ്ധാരണവും രക്ഷയും ഉണ്ടാകും എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചുപോകും. (എസ്ഥേർ 4:14)

**വിദ്യാഭ്യാസം, ബുദ്ധി, ആരോഗ്യം ഇവയെല്ലാം നൽകിത്തന്ന ദൈവത്തിനായും ദൈവത്തിന്റെ നാമമഹത്വത്തിനായും നാം ഉപയോഗിക്കേണ്ടതാണ്. ഇവ ഒന്നും നാം ദൈവത്തിന് വിരുദ്ധമായി ഉപയോഗിച്ചുകൂടാ. നമ്മോടൊപ്പം പഠിച്ചവരും ജീവിച്ചവരും വളർന്നവരുമായ എത്രയോ പേര് ആഗ്രഹിച്ച തുറമുഖത്ത് എത്താതെ തീർന്നുപോയി. എന്നാൽ നമ്മെ നാം ആഗ്രഹിക്കുന്നതിലും നിനക്കുന്നതിലും, അധികമായി ദൈവം ഉപയോഗിച്ചില്ലേ? വളർത്തിയില്ലേ? ഉന്നതമായ സ്ഥാനങ്ങളിലേക്ക് കൈപിടിച്ച് ഉയർത്തിയത് മറന്നുകൂടാ. നമ്മുടെ കർത്താവിന്റെ 'ഓർമ്മയുടെ പുസ്തകത്തിന്റെ' താളുകൾ പരിശോധിക്കുന്ന നാളിൽ അഥവാ കണക്കു തീർക്കുന്ന നാളിൽ മരം, പുല്ല്, വൈക്കോൽ എന്നിവയാൽ ചെയ്തവയൊഴികെ ബാക്കി എല്ലാറ്റിനും പ്രതിഫലവും നഷ്ടപരിഹാരവും തരുവാൻ നമ്മുടെ കർത്താവിന്റെ പക്കൽ ഉണ്ടാകും എന്ന കാര്യത്തിന് സംശയം വേണ്ട.** "ഇതാ, കൂലി അവന്റെ പക്കലും പ്രതിഫലം... അവന്റെ കയ്യിലും ഉണ്ട്" (യെശയ്യ 40:10) "ആ അടിസ്ഥാനത്തിന്മേൽ.. ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ല്, മരം, പുല്ല്, വൈക്കോൽ എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടുവരും. ആ ദിവസം അതിനെ വെളിവാക്കും. അതു തീയോടെ വെളിപ്പെട്ടുവരും. ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്ന് തീ തന്നേ ശോധന ചെയ്യും. ഒരുത്തൻ പണിത പ്രവൃത്തി നിലനില്ക്കും എങ്കിൽ അവന്ന് പ്രതിഫലം കിട്ടും." (1 കൊരി. 3:12-14)

അതിനാൽ കർത്താവ് തന്റെ സ്നേഹത്താലും രക്തത്താലും വീണ്ടെടുത്ത. ദൈവമക്കൾ സ്വയം ഓഡിറ്റ് ചെയ്യുകയും പരിശോധനക്കായി കർത്താവിന് സമർപ്പിക്കുകയും ചെയ്യണമേ. "ദൈവമേ എന്നെ ശോധന ചെയ്തു എന്റെ ഹൃദയത്തെ അറിയേണമേ" (സങ്കീർത്തനം 139:23) എന്ന പ്രാർത്ഥനയോടെ, നമ്മെ സമർപ്പിക്കു. ഓരോ IASനും ഓരോ സ്റ്റാർ കർത്താവ് വാഗ്ദത്തം ചെയ്തിട്ടുണ്ട്. അത് പ്രാപിക്കുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.



ജീവിത ചിന്തകൾ



ഡോ. നെൽസൺ മാത്യു വാലയിൽ

# ഇത് മുന്നേറാനുള്ള സമയം

നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. സാങ്കേതികവിദ്യ പുരോഗമിക്കുന്നു, നഗരങ്ങൾ വികസിക്കുന്നു, ആശയങ്ങൾ വികസിക്കുന്നു. എങ്കിലും ഇന്നലത്തെ ഭയങ്ങൾക്കും ഇന്നത്തെ അനിശ്ചിതത്വങ്ങൾക്കും ഇടയിൽ നിരവധി ഹൃദയങ്ങളാണ് കുടുങ്ങിക്കിടക്കുന്നത്. ജീവിതയാഥാർത്ഥ്യങ്ങൾക്കു നടുവിൽ ഗതിയറിയാതെ നിശ്ചലമായി നിൽക്കുന്നവർ. കഴിഞ്ഞതിന്റെ വേദന നെഞ്ചിലേറ്റി കഴിയുന്നവർ. എന്നാൽ അതിനു നടുവിൽ ദൈവാത്മാവിന്റെ ഒരു മന്ത്രണമുണ്ട് 'മുന്നോട്ട് പോകാനുള്ള സമയമാണിത്.'

നാം ദൈവത്തിന്റെ ജനമാണ്. വ്യത്യസ്ത പശ്ചാത്തലവും വ്യത്യസ്ത സാക്ഷ്യങ്ങളും വ്യത്യസ്ത വരങ്ങളും വ്യത്യസ്ത ജീവിത ശൈലിയും ഒക്കെ ആണെങ്കിലും നാമെല്ലാം ഒരു ദൈവിക വിളിയിൽ ഐക്യപ്പെട്ടിരിക്കുന്നു. ഒരു നിത്യരാജ്യത്തിനായി നാം ഒരുമിച്ച് മുന്നേറുന്നു. വേദനാജനകവും മരിക്കുന്നതുമായ ഒരു ലോകത്തിലേക്ക് പ്രത്യാശയും ജീവനും കൊണ്ടുവരാൻ നാം പരിശ്രമിക്കുകയാണ്. ദൈവത്തിന്റെ വിളിയുമേന്തി നാം ഒരുമിച്ചു മുന്നേറുന്നു.

മുന്നേറ്റം എന്നത് ദൈവത്തിന്റെ ഹൃദയത്തോട് കൂടുതൽ യോജിക്കുന്നതിനെക്കുറിച്ചാണ്, ക്രിസ്തുവിൽ കൂടുതൽ വേരൂന്നിയതിനെക്കുറിച്ചാണ്, അവന്റെ രാജ്യത്തിന് കൂടുതൽ ഉപയോഗപ്രദമാകുന്നതിനെക്കുറിച്ചാണ്.

ദൈവത്തിന്റെ വാഗ്ദത്തങ്ങൾ കൈവശപ്പെടുത്താൻ ഒരു മുന്നേറ്റം ആവശ്യമാണ്. നിരാശ, ഭയം, ആകുലത മുതലായവയുടെ കിരാതകരങ്ങളിൽ നിന്നും.

സംഖ്യാപുസ്തകം 13-ാം അദ്ധ്യായത്തിൽ യിസ്രായേൽ ഒരു നിർണ്ണായക പരിതസ്ഥിതിയിൽ നിൽക്കുന്നത് നാം കാണുന്നു. വാഗ്ദത്തദേശം അവരുടെ മുമ്പിൽ ഉണ്ടായിരുന്നു; ദൈവം പറഞ്ഞതുപോലെ ഫലഭൂയിഷ്ടവും സമൃദ്ധവുമായിരുന്നു. എന്നിരുന്നാലും, ഒറ്റുനോക്കാൻ പോയ പന്ത്രണ്ട്പേർ തിരിച്ചെത്തിയപ്പോൾ, അവരുടെ റിപ്പോർട്ട് രണ്ടു തരമായിരുന്നു. പത്ത്പേർക്കത് ഭീകരമായി തോന്നി ഇങ്ങനെ പറഞ്ഞു 'ഞങ്ങൾ സഞ്ചരിച്ചു ഒറ്റുനോക്കിയ ദേശം നിവാസികളെ തിന്നുകളയുന്ന ദേശം ആകുന്നു; ഞങ്ങൾ അവിടെ കണ്ട ജനം ഒക്കെയും അതികായന്മാർ; അവിടെ ഞങ്ങൾ മല്ലന്മാരുടെ സന്തതികളായ അനാക്യമല്ലന്മാരെയും കണ്ടു; ഞങ്ങൾക്കു തന്നേ ഞങ്ങൾ വെട്ടുക്കിളികളെപ്പോലെ തോന്നി; അവരുടെ കാഴ്ചെക്കും ഞങ്ങൾ അങ്ങനെ തന്നേ ആയിരുന്നു.' (വാക്യം 32). ഭയം അവരുടെ ദർശനത്തെ വളച്ചൊടിച്ചു. പഴയ അടിമത്തത്തിന്റെ ലെൻസിലൂടെ അവർ മുന്നിലുള്ള വാഗ്ദത്തത്തെ നോക്കി. മല്ലന്മാരെ കണ്ടപ്പോൾ ദുർബലരും പരിമിതരും കഴിവില്ലാത്തവരുമായി അവർ തങ്ങളെത്തന്നെ വിലയിരുത്തി.

എന്നാൽ പന്ത്രണ്ടു പേരിൽ രണ്ടുപേർ ദൈവത്തിൽ ശ്രദ്ധ പതിപ്പിച്ചു. കാലേബ് വ്യത്യസ്തമായി നിന്നു. മല്ലന്മാരുടെ സാന്നിധ്യം അവൻ നിഷേധിച്ചില്ല; എന്നാൽ ദൈവത്തിന്റെ വാഗ്ദത്തത്തിന്മേൽ അവർക്ക് യാതൊരു അധികാരവും ഇല്ലെന്ന് അവന് ബോധ്യമായിരുന്നു. 'എന്നാൽ കാലേബ് മോശെയുടെ മുമ്പാകെ ജനത്തെ അമർത്തി: നാം ചെന്ന് 'അതു കൈവശമാക്കുക; അതു ജയിപ്പാൻ നമുക്കു കഴിയും എന്നു പറഞ്ഞു' (സംഖ്യാപുസ്തകം 13:30).

ഭയത്തെക്കാൾ ഉച്ചത്തിൽ വിശ്വാസം സംസാരിക്കപ്പെടുന്നിടത്താണ് മുന്നേറ്റം ആരംഭിക്കുന്നത്.

ദൈവം ഇന്നും തന്റെ ജനത്തിനായി മനോഹരമായ, സമൃദ്ധമായ വാഗ്ദത്തങ്ങൾ ഒരുക്കിയിട്ടുണ്ട്.

എന്നാൽ യിസ്രായേലിനെപ്പോലെ നമ്മൾ പലപ്പോഴും മുന്നേറാതെ അരികിൽ മടിച്ചുനിൽക്കുന്നു, ഭയപ്പെടുന്നു. മുന്നോട്ട് പോകുക. ചുവടുവെക്കുക. വാഗ്ദാനം കൈവശപ്പെടുത്തുക. ഭയത്തിനപ്പുറം മുന്നേറുക.

മുന്നേറ്റത്തിന്റെ ഏറ്റവും വലിയ ശത്രുക്കളിൽ ഒന്നാണ് ഭയം. 'പരാജയപ്പെട്ടാൽ എന്തുചെയ്യും?' അത് മന്ത്രിക്കുന്നു. എന്നാൽ 'ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത്.' (2 തിമൊഥെയോസ് 1:7)

ഭയം നമ്മെ നിശ്ചലരാക്കുന്നു. വിശ്വാസം നമ്മെ മുന്നോട്ട് നയിക്കുന്നു. ദൈവം ഒരിക്കലും തന്റെ ജനം പിന്നോക്ക ജീവിതം നയിക്കാൻ ഉദ്ദേശിക്കുന്നില്ല. നമ്മിൽത്തന്നെയല്ല, മറിച്ച് അവൻ ആരാണെന്നതിൽ വേരൂന്നിയ ആത്മവിശ്വാസത്തോടെ മുന്നേറാൻ അവൻ നമ്മിൽ പ്രതീക്ഷ വെക്കുന്നു.

പുരോഗതിയുടെ അടിസ്ഥാനം: നമ്മൾ ആരാണെന്ന് അറിയുക സംഖ്യാപുസ്തകം 13-ൽ യിസ്രായേലിന്റെ പരാജയത്തിന്റെ കാതൽ ഒരു സ്വത്വ പ്രതിസന്ധിയായിരുന്നു. അവർ ആരാണെന്നും അവർ ആരുടേതാണെന്നും അവർ മറന്നു.

വാഗ്ദത്തദേശം ഒറ്റുനോക്കുവാൻ പോയ പത്ത് പേർ തങ്ങളെത്തന്നെ മുൻ അടിമകളായി കണ്ടപ്പോൾ കാലേബും യോശുവയും ദൈവജനമായി തങ്ങളെത്തന്നെ കണ്ടു. ഈ വ്യത്യാസം എല്ലാ വ്യത്യാസവും ഉണ്ടാക്കി.

നാം ആരാണ്? 1 യോഹന്നാൻ 3:1 "കാൺമിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു'. നാം വെറും ദാസന്മാരല്ല; നമ്മൾ ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരുമാണ്. ഈ ബോധ്യമാണ് മുന്നേറ്റത്തിന്റെ അടിത്തറ. പൌലൊസും ഈ സത്യംതന്നെ പ്രതിധ്വനിപ്പിക്കുന്നു: "നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന്നു ദാസ്യത്തിന്റെ ആത്മാവിനെ അല്ല; നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ പ്രാപിച്ചതു. (റോമർ 8:15) നമ്മൾ ദൈവമക്കളാണെന്ന് അറിയുമ്പോൾ, നമ്മുടെ പരിമിതികൾക്കനുസരിച്ച് ജീവിതം അളക്കുന്നതിനു പകരം ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിക്കാൻ തുടങ്ങുന്നിടത്ത്, മുന്നേറ്റത്തിനു കളമൊരുങ്ങുന്നു. ദൈവത്തിന്റെ വാഗ്ദാനങ്ങൾ ഫലപ്രാപ്തിയിലെത്തുമെന്ന് നമുക്ക് വിശ്വസിക്കാം.

**നാം സ്വയം ചോദിക്കേണ്ട ചോദ്യം ഇതാണ്:**

നമ്മുടെ മുൻകാല തെറ്റുകളുടെയും അരക്ഷിതാവസ്ഥകളുടെയും അടിസ്ഥാനത്തിലാണോ, അതോ നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ സത്യത്തിന്റെ അടിസ്ഥാനത്തിലാണോ നമ്മൾ നമ്മെത്തന്നെ നിർവചിക്കുന്നത്?

**ഐക്യത്തിൽ**

മുന്നേറ്റം ഒറ്റക്കുള്ള യാത്രയല്ല. ഐക്യത്തിൽ ഒരുമിച്ച് മുന്നേറുന്നു. ദൈവം നമ്മെ കൂട്ടായ്മക്കും ആരാധനക്കും സമൂഹത്തിനും വേണ്ടി രൂപകൽപ്പനചെയ്തിരിക്കുന്നു. ദൈവം തന്നെ പൂർണ്ണതയുള്ള കൂട്ടായ്മയാണ്. - പിതാവ്, പുത്രൻ, ആത്മാവ് - ഒന്നായി ഏകീകൃതമായി നിലനിൽക്കുന്നു. ഐക്യമില്ലാതെ സമൂഹം നിലനിൽക്കില്ല.

യേശു പ്രാർത്ഥിച്ചു: 'നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതു പോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിയുവാൻ, നാം ഒന്നായിരിക്കുന്നതു പോലെ അവരും ഒന്നാകേണ്ടതിന്നും ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിന്നും തന്നേ.'

**പ്രോത്സാഹനത്തിൽ**

പ്രോത്സാഹനം എന്നത് ഒരു ക്രിസ്തീയ മൂല്യം മാത്രമല്ല - അത് ഒരു ഉത്തരവാദിത്തം കൂടെയാണ്. പൌലൊസ് എഴുതുന്നു: "ആകയാൽ നിങ്ങൾ ചെയ്തുവരുന്നതുപോലെ അന്യോന്യം പ്രബോധിപ്പിച്ചും തമ്മിൽ ആത്മികവർധന വരുത്തിയും പോരുവിൻ. (1 തെസ്സലൊനീക്യർ 5:11). രസകരമെന്നു പറയട്ടെ, പരസ്പരം പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്ന വിശ്വാസികളെയാണ് പൌലൊസ് ഇത് വീണ്ടും ഓർമ്മിപ്പിക്കുന്നത്.

കാരണം പ്രോത്സാഹനം ഇടക്കിടെയുള്ള ഒരു പ്രവൃത്തിയായിരിക്കേണ്ടതല്ല. അത് പല്ല് തേക്കുകയോ കൈ കഴുകുകയോ ചെയ്യുന്നതുപോലെ ഒരു ശീലമായിരിക്കേണ്ടതാണ് എന്നുള്ളതുകൊണ്ടാണ്.

പ്രോത്സാഹനത്തിനായി ലോകം കാംക്ഷിക്കുന്നു. ദൈവമക്കൾ അത് നൽകുന്നില്ലെങ്കിൽ, ആരാണ് അത് ചെയ്യുക! എല്ലാവരും പൌലൊസിനെ ഭയപ്പെട്ട് മാറിനിന്നപ്പോൾ അവനെ പുനഃസ്ഥാപിക്കാൻ സഹായിച്ച ബർന്നബാസിനെ ഓർക്കുക (പ്രവൃത്തികൾ 9:2627). ലോകത്തെ മാറ്റിമറിച്ച ഒരു ശുശ്രൂഷ ആരംഭിക്കാൻ ബർന്നബാസ് എന്ന ഒരു മനുഷ്യന്റെ പ്രോത്സാഹനം പൌലൊസിനെ സഹായിച്ചു. നമ്മുടെ വാക്കുകൾ നാം മനസ്സിലാക്കുന്നതിലും കൂടുതൽ ചെയ്തേക്കാം.


*ഇനിയും നിശ്ചലമായി തുടരല്ലേ. ഇനിയും പിന്തിരിഞ്ഞു നോക്കിയിരിക്കല്ലേ. ഇത് പിൻവാങ്ങാനുള്ള സമയമല്ല. മുന്നേറുക. വിശ്വാസത്തിലും, ഐക്യത്തിലും, പ്രോത്സാഹനത്തിലും മുന്നേറാനുള്ള സമയമാണിത്. പ്രാർത്ഥനാപൂർവ്വമായ ഒരു ചുവടുവെപ്പ്... ലളിതവും ആത്മാർത്ഥവുമായ ഒരു പ്രാർത്ഥന... "കർത്താവേ, എന്നെ സഹായിക്കേണമേ. ഞാൻ നിന്നോട് കൂടുതൽ അടുക്കാൻ ആഗ്രഹിക്കുന്നു. നിന്നോടൊപ്പമുള്ള നടത്തത്തിൽ മുന്നേറാൻ ഞാൻ ആഗ്രഹിക്കുന്നു." ആമേൻ.*

ദൈവം നമ്മോടുകൂടെ.

■■■



ക്രിസ്തീയ
കുടുംബം



പ്രൊഫ. ജോൺ
സഖറിയ

# ദാമ്പത്യബന്ധം സുദൃഢമാക്കാൻ ലൈംഗികതയുടെ പങ്ക്

**ലൈം**ഗികത എന്നത് ദാമ്പത്യജീവിതത്തിന്റെ ആനന്ദവും സ്നേഹവും പങ്കുവെക്കുന്ന ഏറ്റവും തീവ്രമായ അനുഭവമാണ്. പ്രശസ്ത എഴുത്തുകാരൻ ലിയോ ടോൾസ്റ്റോയി പറഞ്ഞതുപോലെ, "ഭൂകമ്പങ്ങളെയും മഹാമാരികളെയും രോഗങ്ങളുടെ ഭീകരതയെയും ആത്മാവിന്റെ വേദനകളെയും മനുഷ്യന് അതിജീവിക്കാൻ കഴിഞ്ഞേക്കാം, പക്ഷേ കിടപ്പറയിലെ പൊരുത്തക്കേടുകൾ എന്നെന്നും ഹൃദയഭേദകമായ പീഡിപ്പിക്കുന്ന ദുരന്തം ആയിരിക്കും".

ലൈംഗികത എന്നത് സന്താനോൽപ്പാദനത്തിന് മാത്രമുള്ളതല്ല; ശാരീരികവും മാനസികവുമായ ആഹ്ലാദം പകരുന്ന ഒരു കലയാണ്. ദമ്പതികൾക്കിടയിലെ സ്നേഹവും ലൈംഗികതയും പരസ്പര പൂരകങ്ങളാണ്. "No Love, No Sex, No Sex, No Love" എന്ന ഇംഗ്ലീഷ് പ്രയോഗം ഈ ബന്ധത്തിന്റെ ആഴം വ്യക്തമാക്കുന്നു. ഒരു വ്യക്തിയുടെ ജീവിതത്തിൽ ഏറ്റവും കടുത്ത വൈകാരികവും ശാരീരികവുമായ ഇടപെടൽ നടക്കുന്നത് ലൈംഗിക വേളകളിലാണ്.

ലൈംഗികതയുടെ ഏറ്റവും പ്രധാന അവയവം മനസ്സാണ്. മനസ്സിൽ ഉത്ഭവിക്കുന്ന സ്നേഹത്തിന്റെ ശാരീരിക പ്രകാശനമായാണ് ഇണചേരലിനെ കാണേണ്ടത്. ഇവിടെ 'ഉത്കർഷാസമയം' എന്ന ആശയം പ്രധാനമാകുന്നു. ദമ്പതികൾ ഒരുമിച്ച് സ്വസ്ഥമായി സമയം ചെലവഴിക്കുന്ന, പരസ്പരം മനസ്സ് തുറന്ന് സംസാരിക്കുന്ന സമയമാണ് ഉത്കർഷാസമയം. ഒരുമിച്ച് ഭക്ഷണം കഴിക്കുക, ടിവി കാണുക, അല്ലെങ്കിൽ കിടപ്പുമുറിയിൽ കുശലം പറയുക തുടങ്ങിയ ചെറിയ കാര്യങ്ങൾ മുതൽ ഗൗരവമുള്ള വിഷയങ്ങൾ വരെ ചർച്ചചെയ്യാൻ ഈ സമയം ഉപയോഗിക്കാം. ഈ കൊച്ചുവർത്തമാനങ്ങൾ ലൈംഗിക ബന്ധത്തിന്റെ തുടക്കമായ രതിപൂർവ്വലീലകൾക്ക് വഴിയൊരുക്കും. ഓരോ വ്യക്തിയിലും ലൈംഗിക ഉത്തേജനം നൽകുന്ന ശരീരഭാഗങ്ങൾ വ്യത്യസ്തമാണ് ചുണ്ടുകൾ, കഴുത്തിന്റെ പിൻഭാഗം, ചെവി തുടങ്ങിയവ. ഈ ഭാഗങ്ങളിൽനിന്ന് തുടങ്ങുന്ന, സമയമെടുത്ത് നടത്തുന്ന, രതിപൂർവ്വലീലകൾ ലൈംഗിക സംയോഗത്തെ കൂടുതൽ ആഹ്ലാദകരമാക്കും.

ലൈംഗിക സന്തോഷം ദൈവം മനുഷ്യന് നൽകിയിരിക്കുന്ന ദാനമാണ്. അതിൽ നാണം തോന്നേണ്ട കാര്യമില്ല. "നിന്റെ യൗവനത്തിലെ ഭാര്യയിൽ സന്തോഷിച്ചുകൊൾക... അവളുടെ സ്തനങ്ങൾ എല്ലാകാലത്തും നിന്നെ രമിപ്പിക്കട്ടെ; അവളുടെ പ്രേമത്താൽ നീ എല്ലായ്പോഴും മത്തനായിരിക്ക". (ഉൽപ്പ. 2:25) അതേസമയം പരസ്ത്രീയിൽ ആനന്ദം കണ്ടെത്തുന്നതും പരസ്ത്രീക്ക് സന്തോഷം നൽകുന്നതും കർശനമായി ദൈവം വിലക്കിയിരിക്കുന്നു (സദൃശ്യ.5:15-20).

ലൈംഗിക ജീവിതത്തിൽ ദൈവിക പ്രമാണം അനുസരിക്കുന്നതിന് ദൈവിക പ്രമാണങ്ങളോട് തീഷ്ണമായ പ്രതിബദ്ധത ഉണ്ടായിരിക്കുന്നത് കൂടാതെ തന്റെ ജീവിതപങ്കാളിക്ക് തൃപ്തി തോന്നുമാറ് അവനെ/ളെ സന്തോഷിപ്പിക്കുവാനുള്ള ഉത്തര

വാദിത്വം ദമ്പതികൾക്ക് ഇരുവർക്കും ഉണ്ട്. പൂർണ്ണമായ സന്തോഷത്തിൽ ആകുവാൻ ആർക്കും ദൈവകൃപയാൽ സാധിക്കും.

എന്നാൽ മറ്റൊരു അപകട സൂചന വായനക്കാരുടെ മുമ്പിൽ വെക്കുകയാണ്. തങ്ങൾ ആയിരുന്ന സഭകളിലെ ആത്മീയം പോരാ എന്ന് ചിന്തിച്ച് വേർപ്പെട്ട സഭകളിൽ ആരാധിച്ചുകൊണ്ടിരുന്ന, ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചതായ ഒരു ചെറുപ്പക്കാരനും ചെറുപ്പക്കാരിയും തമ്മിലുള്ള വിവാഹം ആലോചിച്ചതു മുതൽ തീരുമാനിച്ച സമയത്തും വളരെ അസ്വസ്ഥയായിരുന്നു ആ സ്ത്രീ. തന്റെ ജീവിതപങ്കാളിയാകുവാൻ പോകുന്ന യുവാവിനെപ്പറ്റി പല സംശയങ്ങളും അവൾക്ക്, അവന്റെ പല ഇടപാടുകൾ മൂലം തോന്നിയിരുന്നു. നിവൃത്തിയില്ലാതെ അവൾക്ക് ആ വിവാഹത്തിൽ നിന്ന് പിന്മാറുവാൻ സാധിച്ചില്ല; പ്രത്യേകിച്ച് വിവാഹ ആഴ്ചയിൽ അവൾക്ക് ചിക്കൻപോക്സ് പിടിച്ചതിനാൽ വിവാഹ തീയതി മാറ്റിവെക്കണമെന്ന് ആവശ്യംപോലും വരന്റെ നിർബന്ധംമൂലം അംഗീകരിക്കപ്പെട്ടില്ല. എന്നാൽ അവരുടെ വിവാഹജീവിതം രണ്ടാഴ്ച മാത്രമേ നിലനിന്നുള്ളൂ. വിവാഹമോചനത്തിന് വിശ്വാസി എന്നഭിമാനിക്കുന്ന ആ ചെറുപ്പക്കാരൻ നിർബന്ധിക്കുകയും അവസാനം വിവാഹമോചനത്തിൽ കലാശിക്കുകയും ചെയ്തു. പ്രശ്നം ലൈംഗിക ബന്ധത്തിലെ പൊരുത്തക്കേട് തന്നേ. ആരോഗ്യപ്രശ്നങ്ങൾ ഉള്ള അവളെ ആദ്യരാത്രിയിൽ തന്നേ ലൈംഗികമായി ബന്ധപ്പെടുവാൻ അവൻ നിർബന്ധിച്ചു. മാത്രമല്ല അവളുടെ performance അവന് തൃപ്തിയായില്ല. കാരണം അവൻ ലൈംഗികബന്ധത്തെപ്പറ്റി pornography-ൽ നിന്ന് നേടിയ അറിവുകൾക്ക് അനുസരിച്ച് അവളിൽനിന്ന് ലഭിച്ചില്ല. അവൻ porno addict ആയിരുന്നു. ക്രിസ്തീയ ഗ്രന്ഥങ്ങളിൽനിന്നും ക്രിസ്തീയ കൗൺസലർമാരിൽനിന്നും വേണം ലൈംഗിക അറിവുകൾ നാം പ്രാപിക്കേണ്ടത്.

ലൈംഗികമായി അന്യോന്യം സന്തോഷിക്കുവാനും സന്തോഷിപ്പിക്കുവാനും ശ്രമിക്കുമ്പോൾ തന്നേ ധാരണയോ തെറ്റിദ്ധാരണയോ അനുസരിച്ചുള്ള പ്രതീക്ഷകൾ സാധിക്കാതെവരുമ്പോൾ ജീവിതപങ്കാളിയിൽനിന്ന് കിട്ടാത്തത് അന്വേഷിച്ചു വേറൊരു വ്യക്തിയിലേക്ക് പോകുന്നത് ദൈവം പൊറുക്കാത്ത പാപമാണ്. അന്യോന്യം പഠിച്ചും പഠിപ്പിച്ചും ആനന്ദകരമാക്കേണ്ട ഒരു ബന്ധമാണ് ലൈംഗിക ബന്ധം.

യഥാർത്ഥ ദൈവമക്കൾക്ക് മാത്രം മനസ്സിലാകുന്ന/മനസ്സിലാക്കേണ്ട ഒരു കാര്യമാണ് ജീവിതത്തിൽ ആഗ്രഹിക്കുന്നതെല്ലാം കിട്ടണമെന്നില്ല എന്നതും കിട്ടിയത് ഏറ്റവും മനോഹരമായി ഉപയോഗിക്കുക എന്നതും. സന്തോഷം/സംതൃപ്തി ഇവ ആഗ്രഹിച്ചവ ലഭിക്കുന്നതിലൂടെ മാത്രമല്ല നമ്മുടെ മാനസിക/ബൗദ്ധിക അവസ്ഥയെക്കൂടെ ആശ്രയിച്ചിരിക്കും. വെളുത്ത നിറമുള്ള ജീവിതപങ്കാളിയെ ആഗ്രഹിക്കുന്ന വ്യക്തിയും കറുത്ത നിറമുള്ള ജീവിതപങ്കാളിയെക്കൊണ്ട് അതുപോലെ തന്നെ തൃപ്തിപ്പെടുന്ന വ്യക്തിയും ലഭിക്കുന്നതിലല്ല ഓരോന്നിനോടുമുള്ള നമ്മുടെ മാനസിക ആഭിമുഖ്യം ആണ് പ്രധാനം എന്ന് തെളിയിക്കുന്നു. നമുക്ക് വേണ്ടത് joy ആണ്, happiness അല്ല. Happiness സംഭവങ്ങളോട് (happenings) ബന്ധപ്പെട്ടിരിക്കുന്നു എങ്കിൽ joy പരിശുദ്ധാത്മാവിന്റെ ഒരു വരമാണ്; സംഭവങ്ങളോട് ബന്ധപ്പെട്ടതായിരിക്കണമെന്നില്ല. മാത്രമല്ല joy സാഹചര്യങ്ങൾക്ക് അതീതമാകയാൽ happinessനേക്കാൾ ശ്രേഷ്ഠമാണ്. ലൈംഗികബന്ധത്തിൽ ഈ മനോഭാവം ഏറ്റവും പ്രസക്തമാണ്. കൂടുതൽ കാര്യങ്ങൾ ഒരു കൗൺസിലിംഗ് സാഹചര്യത്തിലോ വിവാഹപൂർവ്വ കൗൺസിലിംഗിലോ മനസ്സിലാക്കാൻ ഇടയാകും.

അതുകൊണ്ടുതന്നെ ലൈംഗിക വിദ്യാഭ്യാസം ദമ്പതികൾക്ക് അനിവാര്യമാണ്. 'സെക്സ് ഈസ് എ ലേൺഡ് ബിഹേവിയർ' എന്ന് പറയാറുണ്ട്; അതായത്, വിവാഹബന്ധത്തിന്റെ സുരക്ഷിതമായ വലയത്തിനുള്ളിൽ പഠിച്ചെടുക്കേണ്ട ഒരു കല. ആധികാരികമായ വിവരങ്ങൾ നൽകുന്ന പത്രങ്ങളും മാസികകളും വായിക്കുന്നത് ലൈംഗിക പൊരുത്തക്കേടുകൾ കുറെക്കാൻ സഹായിക്കും. എന്നിട്ടും, വിവാഹമോചന കേസുകളിൽ ഭൂരിഭാഗവും ലൈംഗിക പൊരുത്തക്കേടുകൾമൂലമാണ് എന്നത് ഖേദകരമാണ്. ആധുനിക ജീവിതത്തിന്റെ തിരക്കുകൾ, സ്കൂൾ പഠനത്തിന്റെയോ ജോലിയുടെയോ മുൻഗണനകൾ, ആനുകാലിക വിവരങ്ങൾ ശേഖരിക്കാൻ സമയമില്ലായ്മ ഇവയെല്ലാം ഇതിന് കാരണമാകുന്നു. ലൈംഗിക വിദ്യാഭ്യാസം ഇല്ലെങ്കിൽ, ദമ്പതികൾക്കിടയിൽ തെറ്റിദ്ധാരണകളും അകൽച്ചയും ഉണ്ടാകാൻ സാധ്യതയേറെയാണ്.

ലൈംഗികതയിലെ വിരസത ദാമ്പത്യത്തിൽ വലിയ വില്ലനാകാം. തുണയോടോ ലൈംഗികതയോടോ താൽപ്പര്യക്കുറവ് ഉണ്ടാകുന്നത് ജീവിതത്തിലെ മറ്റ് പ്രശ്നങ്ങൾ, രോഗാവസ്ഥകൾ, അല്ലെങ്കിൽ ഹോർമോൺ തകരാറുകൾ മൂലമാകാം. ഇത് തുടക്കത്തിലാണെങ്കിൽ, അടിസ്ഥാന കാരണങ്ങൾ പരിഹരിക്കുന്നതിലൂടെ പരിഹാരം കാണാം. എന്നാൽ, ലൈംഗിക മരവിപ്പിലേക്ക് കടക്കുകയാണെങ്കിൽ, മനഃശാസ്ത്രജ്ഞന്റെയോ സെക്സ് തെറാപ്പിസ്റ്റിന്റെയോ സഹായം തേടേണ്ടത് അനിവാര്യമാണ്.

(തുടരും)

■■■



ജീവിത സായാഹ്നം



നെൽസൺ അബ്രഹാം

# പ്രത്യാശാനിർഭരമായ ക്രിസ്തീയ ജീവിതം

മനുഷ്യൻ തന്റെ ജീവിതപാതയിൽ സ്വയമായി അനേക ചോദ്യങ്ങൾ തന്നോടുതന്നെ ചോദിക്കുന്നുണ്ടാവാം. ഞാൻ ഈ ലോകത്തിൽ എന്തിനാണ്? എന്റെ ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യമെന്ത്? നന്മയും തിന്മയും എന്താണ്? മരണശേഷം എന്ത്? ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ച്, വളർന്ന്, ജീവിക്കുന്ന നമുക്ക് ഞാൻ എന്തിന് ഇപ്രകാരം ജീവിക്കണം.? എന്ന സംശയങ്ങളും, ആശയ സംഘർഷങ്ങളും ഉണ്ടായേക്കാം. വ്യക്തമായ ഉത്തരങ്ങൾ അർത്ഥശങ്കകൾക്കിടയില്ലാതെ വിശുദ്ധ ബൈബിൾ നമുക്ക് നൽകുന്നുണ്ട്.

ക്രിസ്തീയ വിശ്വാസം കേവലം ഒരു മതചിന്തയല്ല. അതിലുപരിയായി ജീവിതത്തിന്റെ മൂലകാരണമായ, ജീവനായ ദൈവവുമായുള്ള ബന്ധമാണ്. അത് ക്രിസ്തുവാകുന്ന വഴിയും, സത്യവും ജീവനുമാണ്. ക്രിസ്തുവിനെ നാഥനും, രക്ഷിതാവുമായി തിരഞ്ഞു കണ്ടെത്തി സ്വന്തമാക്കുന്ന ഒരു യാത്രയാണ്.

മനുഷ്യന്റെ സ്വഭാവം, ക്രിസ്തുവിലൂടെയുള്ള രക്ഷ, പരിശുദ്ധാത്മാവിന്റെ പ്രവൃത്തി, ക്രിസ്തീയ ജീവിത മൂല്യങ്ങൾ ശാശ്വത ജീവിതത്തിന്റെ പ്രത്യാശ ഇവയെല്ലാം ഈ അന്വേഷണത്തിൽ, ജീവിതയാത്രയിൽ ഉൾക്കൊള്ളുന്നു.

### മനുഷ്യസ്വഭാവം

ദൈവം തന്റെ സ്വരൂപത്തിലും, സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു (ഉല്പത്തി 1:26) എന്നാൽ ദൈവതേജസ്സ് മനുഷ്യൻ തന്റെ പ്രവൃത്തികളാൽ നഷ്ടപ്പെടുത്തി.

മനുഷ്യൻ എത്ര സമ്പാദിച്ചാലും, എത്ര പുരോഗമിച്ചാലും, എത്ര ബന്ധങ്ങൾ ഉണ്ടാക്കിയാലും ദൈവത്തിന്റെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ട നാം ദൈവത്തോട് വേർപെട്ടാൽ അനിവാര്യമായും ആത്മീയമായ ശൂന്യത അനുഭവിക്കും. എഫെസ്യർ 4:18,19 വാക്യങ്ങൾ നാം ശ്രദ്ധയോടെ ഗ്രഹിക്കണം. അവർ അന്ധബുദ്ധികളായി അജ്ഞാനം നിമിത്തം, ഹൃദയകാഠിന്യം നിമിത്തം തന്നേ, ദൈവത്തിന്റെ ജീവനിൽനിന്നു അകന്ന് മനം തഴമ്പിച്ചുപോയവർ ആകയാൽ അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവൃത്തിപ്പാൻ ദുഷ്കാമത്തിന് തങ്ങളെ തന്നേ ഏൽപ്പിച്ചിരിക്കുന്നു." ആധുനിക ലോകത്തിന്റെ ഗതിവിഗതികൾ ഇതല്ലേ മുഖ്യമായും കാണിക്കുന്നത്.

വിവരസാങ്കേതികവിദ്യയുടെ വിസ്ഫോടനം കാരണം മനുഷ്യരിൽ നന്മയുടെ അംശം പഴയകാലത്തിലെപ്പോലെ നിലനിൽക്കുന്നുണ്ടോ എന്ന് നാം ചിന്തിക്കണം. പുതിയ തലമുറ അടിമപ്പെട്ടിരിക്കുന്ന, ഒരു വികാരമായി അവർക്ക് മാറിയിരിക്കുന്ന, ഒന്നാണ് സോഷ്യൽ മീഡിയ. നാം ക്രിസ്തുവിൽ അല്ല എങ്കിൽ മനുഷ്യന്റെ അന്തർബോധത്തിലെ ഇരുട്ടാണ് നമ്മെ ഭരിക്കുന്നത് എന്ന് നാം തിരിച്ചറിയണം. എന്നാൽ ക്രിസ്തീയ ജീവിതം പിന്തുടരുന്നത് അർത്ഥശൂന്യതയിൽനിന്നുള്ള രക്ഷയാണ്. ദൈവത്തെ വിട്ടുപോയതിന്റെ ശ്യൂന്യതയിൽനിന്ന് അത്ഭുതപ്രകാശത്തിലേക്ക് നയിക്കുന്ന ക്രിസ്തുവിന്റെ വിളിക്ക് യോഗ്യരാക്കി നമ്മെ രൂപാന്തരപ്പെടുത്തുവാനുള്ള കൃപക്കായി നമുക്ക് പ്രാർത്ഥിക്കാം. സമാധാനം ലോകത്തിന് നൽകുന്നവരായി മാറാം.

### ദൈവത്തിന്റെ സ്നേഹം, രക്ഷ

പ്രത്യാശാനിർഭരമായ ക്രിസ്തീയ ജീവിതം നയിക്കുന്ന വ്യക്തിക്ക് ക്രിസ്തുവിന്റെ സ്നേഹം ആഴത്തിൽ അനുഭവിക്കുവാൻ കഴിയും. ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം ദൈവം സ്നേഹമാണ് എന്നതുമാണ്. (1 യോഹന്നാൻ 4:8) "കാൺമിൻ,

നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു. (1 യോഹന്നാൻ 3:1) മനുഷ്യൻ പാപത്തിൽ വീണെങ്കിലും ദൈവം അവനെ കൈവിട്ടില്ല, വെറുത്തില്ല. സ്നേഹത്തിന്റെ ഉദാത്തമായ പ്രകടനം ക്രിസ്തുവിന്റെ ക്രൂശാണ്. യോഹന്നാൻ 3:16-ൽ പറയുന്നപ്രകാരം "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. പ്രതിഫലേച്ഛയില്ലാത്ത ഈ സ്നേഹം (Agape love) നാം തിരിച്ചറിഞ്ഞിട്ടുണ്ടോ?

ക്രിസ്തുവിലൂടെ ലഭിക്കുന്ന രക്ഷയുടെ അനുഭവം നാം തിരിച്ചറിയണം. "എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു." (റോമർ 3:23) ഇന്നും അന്വർത്ഥമല്ലേ. പാപംമൂലം ദൈവവുമായുള്ള ബന്ധം നഷ്ടപ്പെട്ട മനുഷ്യന് സ്വപ്രയത്നത്താൽ ദൈവത്തിലേക്ക് എത്താൻ കഴിയാത്തതിനാൽ സ്നേഹനിധിയായ കർത്താവു തന്നേ മനുഷ്യനായി ഭൂമിയിൽ വന്നില്ലേ! നമ്മുടെ പാപത്തിന്റെ മറുവിലയായി ക്രിസ്തു തന്നെത്തന്നെ നൽകി രക്ഷയുടെ അനുഭവത്തിലേക്ക് നമ്മെ എത്തിച്ചു.

### പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം

ഒരു ക്രിസ്ത്യാനിയുടെ ജീവനെ പുതുക്കുന്ന ശക്തിയാണ് പരിശുദ്ധാത്മാവ്. നാം യഥാർത്ഥ ക്രിസ്ത്യാനിയായാൽ ദൈവത്തിന്റെ ആത്മാവ് നമ്മുടെ ഉള്ളിൽ വസിക്കും. ഇത് അറിവല്ല, ഒരു യാഥാർത്ഥ്യമാണ്. 1 കൊരിന്ത്യർ 3:16-ൽ പറയുന്ന പ്രകാരം 'നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ" ഈ ചോദ്യം നമ്മോട് തന്നെയാണ്. ആശ്വസിപ്പിക്കുന്ന, വഴി പറഞ്ഞുതരുന്ന, പാപബോധം നൽകുന്ന, ശക്തി നൽകുന്ന, സ്വഭാവ രൂപീകരണം നൽകുന്ന പരിശുദ്ധാത്മ പ്രവൃത്തി നമ്മിലും ഉണ്ടാവാൻ നമുക്ക് പ്രാർത്ഥിക്കാം.

### ക്രിസ്തുവിൽ കണ്ടെത്തുന്ന ജീവിത മൂല്യങ്ങൾ

എന്റെ ജീവിതം എന്തിനാണ് എന്ന ചോദ്യത്തിന് വചനം വ്യക്തമായ ഉത്തരം നൽകുന്നതാണ്.

സഭാപ്രസംഗി 12:13 നമ്മെ പഠിപ്പിക്കുന്നത്. "ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക." അതു ആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത്." ദൈവത്തെ സ്നേഹിക്കുവാനും അവന്റെ ഇഷ്ടം ചെയ്യുകയും ചെയ്യുക എന്നതാണ് മനുഷ്യന്റെ കർത്തവ്യം എന്നും നാം തിരിച്ചറിയണം.

ഒരു ക്രിസ്ത്യാനിയുടെ ജീവിതം സ്നേഹത്തിലും, നീതിയിലും, ശുശ്രൂഷയിലും ആധാരമായിരിക്കുന്നു. ക്രിസ്തു മനുഷ്യനു നൽകിയ ഏറ്റവും വലിയ നൈതിക മൂല്യം "നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക (മത്തായി 22:39) എന്നതാണല്ലോ.

ക്രിസ്തു കാട്ടിത്തന്ന ഈ മൂല്യങ്ങൾ മനുഷ്യന്റെ ഹൃദയം മാറ്റിമറിക്കുന്നു. ജീവിത ശൈലിതന്നെ മാറ്റുന്ന ശക്തിയാണ്.

ദുഃഖത്തിൽ ദൈവം എന്റെ കൂടെയുണ്ട് എന്നുള്ള പ്രത്യാശ നമ്മെ ശക്തിപ്പെടുത്തുന്നു. ഈ ലോക ജീവിതത്തിൽ ദുഃഖം അനിവാര്യ ഘടകമാണ്. എന്നാൽ ബൈബിൾ നൽകുന്ന പ്രത്യാശ "ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ; മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു. (സങ്കീ. 34:18) ക്രിസ്ത്യാനികളായ നമുക്ക് ദുഃഖം ശാപമല്ല. സഹനത്തിന്റെ ശുശ്രൂഷയാണ്. ദൈവത്തിന്റെ അടുത്തു വരുവാനുള്ള ഒരു വഴിയാണ്.

### ശാശ്വത ജീവിതത്തിന്റെ ഉറപ്പ്

നാം നശ്വരമല്ലാത്ത വാസസ്ഥലത്തിൽ നിത്യമായി ജീവിക്കേണ്ടവരാണ് എന്ന് ക്രിസ്തു നമുക്ക് ഉറപ്പു നൽകുന്നു. പിതാവിന്റെ സന്നിധിയിലുള്ള നിത്യവാസസ്ഥലത്തേക്ക് നമ്മെ കൂട്ടിക്കൊണ്ട് പോകും എന്ന ഉറപ്പാണ് ക്രിസ്ത്യാനികളായിരിക്കുന്ന നമ്മുടെ കാതലായ മർമ്മം. മഹാജ്ഞാനിയായ ശലോമോൻ സഭാപ്രസംഗി 3:11-ൽ നമ്മെ അറിയിക്കുന്നതോ "അവൻ സകലവും അതതിന്റെ സമയത്ത് ഭംഗിയായി ചെയ്തു നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു."

വി. യോഹന്നാൻ നമ്മെ അറിയിക്കുന്ന സത്യം എന്തെന്നാൽ "ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു. എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ട്." ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും കേൾക്കുന്നവർ ജീവിക്കയും ചെയ്യുന്ന നാഴിക വരുന്നു. ഇപ്പോൾ വന്നുമിരിക്കുന്നു'. (യോഹന്നാൻ 5:24, 25)

ക്രിസ്തീയ ജീവിതം മരണംവരെയുള്ള ഒരു തത്വശാസ്ത്രം മാത്രമല്ല, മരണത്തിനപ്പുറമുള്ള ഒരു പ്രത്യാശയാണ്.

ക്രിസ്ത്യാനികളായ നമ്മുടെ ജീവിതം മനുഷ്യനെ ശൂന്യതയിൽനിന്ന് നിറവിലേക്ക്, പാപത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്ക് ഭയത്തിൽനിന്ന് സമാധാനത്തിലേക്ക്, ആപത്തിൽനിന്ന് പ്രകാശത്തിലേക്കു മരണത്തിൽനിന്ന് നിത്യതയിലേക്ക് തിരിച്ചു വരുത്തുന്നതാണ്.

മർക്കൊസ് 12:30-ൽ പറയുന്നപ്രകാരം നമുക്ക് ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കാം. ജീവിതത്തിന്റെ എല്ലാ അർത്ഥവും, ലക്ഷ്യവും പ്രത്യാശയും ക്രിസ്തുവിലാണ് സമന്വയിക്കുന്നത്. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

■■■





ലീലാമ്മ ഉമ്മൻ

# മഗ്ദലക്കാരത്തി മറിയ – ഏഴു ഭൂതങ്ങൾ വിട്ടുപോയവൾ (തുടർച്ച)

വിശുദ്ധ മത്തായി എഴുതിയ സുവിശേഷം 26:6–13, മർക്കൊസ് 14:3–9 ലൂക്കൊസ് 7:37, 38; യോഹന്നാൻ 12:1–8. മഗ്ദലനമറിയയെക്കുറിച്ചുള്ള വേറൊരു വിശേഷണവും അവളുടെ ശുശ്രൂഷയുടെ വിവരണങ്ങളും മുകളിൽ സൂചിപ്പിച്ച ഭാഗങ്ങളിൽ കാണാം.

ബേഥാന്യയിൽ കുഷ്ഠരോഗിയായിരുന്ന ശീമോന്റെ വീട്ടിൽ ഇരുന്ന യേശുവിന്റെ അടുക്കൽ എത്തിയ മറിയ. അവൾ വിലയേറിയ പരിമള തൈലം നിറഞ്ഞ ഒരു വെൺകൽഭരണി എടുത്തുകൊണ്ട് അവന്റെ അടുക്കൽ വന്ന് അവൻ പന്തിയിൽ ഇരിക്കുമ്പോൾ അത് അവന്റെ തലയിൽ ഒഴിച്ചു. (മത്താ 26:6.7) ഈ ഭാഗംതന്നെ മർക്കൊസ് 14:3 ലും ഇതേപടി കാണുന്നു. എന്നാൽ ലൂക്കൊസ് 7:37, 38 വാക്യങ്ങളിൽ "ആ പട്ടണത്തിൽ പാപിയായ ഒരു സ്ത്രീ അവൻ പരീശന്റെ വീട്ടിൽ ഭക്ഷണത്തിനിരിക്കുന്നത് അറിഞ്ഞ്, ഒരു വെൺകൽഭരണി പരിമളതൈലം കൊണ്ടു വന്നു, പുറകിൽ അവന്റെ കാൽക്കൽ കരഞ്ഞുകൊണ്ട് നിന്നു കണ്ണുനീർകൊണ്ട് അവന്റെ കാൽ നനെച്ചുതുടങ്ങി; തലമുടികൊണ്ട് തുടച്ചു കാൽ ചുംബിച്ചു തൈലം പൂശി" ഇതേ കാര്യംതന്നെ യോഹന്നാൻ 12;1–8 വരെ യേശു മരിച്ചവരിൽനിന്ന് ഉയിർപ്പിച്ച ലാസറിന്റെ ഭവനത്തിലെ സംഭവങ്ങൾ വിവരിക്കുന്നു." മറിയ വിലയേറിയ സ്വച്ഛജടാമാംസിതൈലം ഒരു റാത്തൽ എടുത്ത് യേശുവിന്റെ കാലിൽ പൂശി തന്റെ തലമുടികൊണ്ട് കാൽ തുവർത്തി; തൈലത്തിന്റെ സൗരഭ്യംകൊണ്ടു വീടു നിറഞ്ഞു." ഈ നാലു സുവിശേഷങ്ങളിലും കാണുന്ന മറിയയുടെ ശുശ്രൂഷ ഒരേ കാര്യത്തെ സൂചിപ്പിക്കുന്നതായി മനസ്സിലാക്കാൻ സാധിക്കും. എന്നാൽ യേശുവിന്റെ ശിഷ്യന്മാരും മറ്റ് ചിലരും ഇത് കണ്ട് വളരെ മുഷിഞ്ഞു. ഈ വെറും ചെലവ് എന്തിന്നു? ഇത് വളരെ വിലെക്ക് വിറ്റു ദരിദ്രർക്ക് കൊടുക്കാമായിരുന്നുവല്ലോ എന്ന് പറഞ്ഞു. യേശു അതു അറിഞ്ഞ് അവരോട്, "സ്ത്രീയെ അസഹ്യപ്പെടുത്തുന്നത് എന്ത്? അവൾ എങ്കൽ നല്ല പ്രവർത്തിയല്ലോ ചെയ്തത്.? ദരിദ്രർ നിങ്ങൾക്ക് എല്ലായ്പ്പോഴും അടുക്കെ ഉണ്ടല്ലോ; ഇച്ഛിക്കുമ്പോൾ അവർക്ക് നന്മ ചെയ്‌വാൻ നിങ്ങൾക്ക് കഴിയും; ഞാനോ എല്ലായ്പോഴും. നിങ്ങളോടുകൂടെ ഇരിക്കയില്ല അവൾ തന്നാൽ ആവതുചെയ്തു. കല്ലറിയലെ അടക്കത്തിനായി എന്റെ ദേഹത്തിന്നു മുമ്പുകൂട്ടി തൈലം തേച്ചു. സുവിശേഷം പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓർമ്മെക്കായി പ്രസ്താവിക്കും എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു.

യേശുവിന്റെ, സ്നേഹിതനായ ലാസറും അവന്റെ സഹോദരിമാരും പാർത്തിരുന്ന ബേഥാന്യ, ഇന്നറിയപ്പെടുന്നത് അറബി രൂപമായ 'എൽ അസരിയെ' എന്നാണ്. "അത്തിപ്പഴത്തിന്റെ വീട്" എന്നാണ് ബേഥാന്യ എന്ന പദത്തിനർത്ഥം. യേശു സ്നേഹിച്ചതും യേശുവിനെ സ്നേഹിച്ചതും അതുപോലെ മറ്റുള്ളവരെ സ്നേഹിക്കുന്നതുമായ കുടുംബം. യേശുവും മറിയയുടെ ഭവനവും തമ്മിലുള്ള നിസ്തുലസ്നേഹത്തിന്റെ ആഴം വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷം 11:1–5 വരെ കാണുവാൻ സാധിക്കും. യേശു ബേഥാന്യയിലെ ഭവനത്തിൽ എത്തിയപ്പോൾ ലാസർ മരിച്ച് അടക്കിയിട്ട് നാലു ദിവസം ആയിരുന്നു. അവിടെ എത്തിയ യേശുവിനോട് സഹോദരിമാർ അവരുടെ സങ്കടവും വേദനയും ഒക്കെ അറിയിക്കുന്നത് ഈ ഭാഗങ്ങളിൽ വിവരിച്ചിരിക്കുന്നു. ലാസറിന്റെ മരണത്തിലുള്ള അവരുടെ ദുഃഖത്തിൽ പങ്കുചേർന്ന് മനംനൊന്ത് യേശു കണ്ണുനീർ വാർത്തതായി ഇവിടെ കാണുന്നു. (യോഹ 11:35). ലാസറിനെ യേശു മരണത്തിൽ

നിന്നും ഉയിർപ്പിച്ചത് യേശുവിന്റെ ശുശ്രൂഷയിലെ സുപ്രധാന സംഭവമാണ്. മരണത്തിന്റെ മേലും തനിക്ക് അധികാരമുണ്ടെന്ന് യേശു തെളിയിച്ച സംഭവം. അതിന്നായി ബേഥാന്യയിലെ ഈ കുടുംബം തന്നേ ദൈവം തെരെഞ്ഞെടുത്ത് എത്രയോ ശ്രേഷ്ഠകരമാണ്. ദൈവമക്കളുടെ ജീവിതത്തിൽ കഷ്ടതകളും ദുഃഖങ്ങളും പ്രതിസന്ധികളും ഒക്കെ വരുമ്പോൾ സങ്കീർത്തനക്കാരൻ പറഞ്ഞതുപോലെ നമ്മളും ചോദിച്ചുപോകുന്നു. "കർത്താവേ നീ എത്രത്തോളം എന്നെ മറന്നുകൊണ്ടിരിക്കും." (സങ്കീ 13:1) എന്നാൽ നാം ഒന്നോർക്കണം അത് കർത്താവിന്റെ നമ്മോടുള്ള സ്നേഹമില്ലായ്മയോ കരുണയില്ലായ്മയോ മനസ്സലിവില്ലായ്മയോ നിമിത്തമല്ല, പിന്നെയോ ദൈവത്തിന്റെ മഹത്വത്തിനു വേണ്ടിയാണെന്ന്. ഈ ഭവനത്തിന്റെ സവിശേഷതകൾ നമ്മുടെ ഭവനങ്ങളെ ഏറ്റവും ശ്രേഷ്ഠമുള്ള ക്രിസ്തീയ സാക്ഷ്യമുള്ള ഭവനങ്ങളാക്കി മാറ്റണം. "തൈലത്തിന്റെ സൗരഭ്യംകൊണ്ട് വീടു നിറഞ്ഞു എന്നതുപോലെ കർത്താവിന്റെ സൗരഭ്യം കൊണ്ട് നമ്മുടെ ഭവനാന്തരീക്ഷം നിറയണം."

ലാസറിനെ ഉയിർപ്പിച്ചശേഷം വീണ്ടും യേശു ഈ ഭവനത്തിൽ എത്തുമ്പോഴാണ് മറിയ താൻ കരുതിവെച്ച വിലയേറിയ സ്വച്ഛജഡമാംസി തൈലം (സുഗന്ധ തൈലം) യേശുവിന്റെ കാലിൽ പൂശി തന്റെ തലമുടികൊണ്ട് കാൽ തുടച്ചത്. വളരെ വിലയേറിയ ആ തൈലത്തെക്കാൾ എത്രയോ മടങ്ങ് വിലയേറിയവനാണ് യേശുകർത്താവെന്ന് അവളുടെ ആ പ്രവർത്തി തെളിയിക്കുന്നു. അതുകൊണ്ടാണല്ലോ ആ പ്രവർത്തിക്ക് യേശു മറ്റൊരു മാനവും നൽകിയത്, തന്റെ മരണം വളരെ വേഗം ആസന്നമാണെന്നും തന്റെ ശവസംസ്കാരത്തിനായി അവൾ ആ പ്രവർത്തി ചെയ്തെന്നുമുള്ള പ്രഖ്യാപനം. അത് അവളുടെ ഒരു നന്ദി പ്രകടനം കൂടി ആയിരുന്നിരിക്കാം. നാമും നമ്മുടെ കർത്താവിന്റെ സന്നിധിയിൽ അർപ്പിക്കേണ്ടത് നന്ദിയുടെയും സ്തോത്രത്തിന്റെയും പരിമളതൈലമാകുന്ന നമ്മുടെ ജീവിതമാകണം. കർത്താവിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്ന ഭവനങ്ങളാണ് ഏറ്റവും ശ്രേഷ്ഠകരമായ ക്രിസ്തീയസാക്ഷ്യമുള്ള ഭവനങ്ങൾ.

സുവിശേഷങ്ങളിൽ ഏറ്റവും തെറ്റിദ്ധരിക്കപ്പെട്ട കഥാപാത്രങ്ങളിലൊരുവളാണ്. ബൈബിളിലെ അറിയപ്പെടുന്ന 6 മറിയമാരിൽ ഒരുവളായ മഗ്ദലന മറിയം. മറിയയെക്കുറിച്ച് സൂചിപ്പിക്കുന്ന അധിക ഇടങ്ങളിലും പുറംലോകത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. എന്നാൽ പുതിയനിയമത്തിൽ ഒരിടത്തും മറിയ ഒരു പാപിനിയായ സ്ത്രീയായി വെളിപ്പെടുത്തിയിട്ടില്ല. എന്നാൽ അവളെ ഏഴു ഭൂതങ്ങൾ അലട്ടിയിരുന്നതും അവൾ കർത്താവിനാൽ വിടുവിക്കപ്പെട്ടവളും ആണെന്ന് വചനത്തിൽ നിന്നും മനസ്സിലാക്കാം. കർത്താവിന്റെ ഗൊൽഗോഥായിലെ ക്രൂശ്മരണത്തിനും പിന്നീട് ഉയിർത്തെഴുന്നേല്പിനും സാക്ഷിയായി നിന്ന അവൾ വിശ്വാസത്തിന് ധൈര്യം എത്ര പ്രധാനമാണെന്ന് ഓർമ്മപ്പെടുത്തുന്നു. "ഞാൻ കർത്താവിനെ കണ്ടു" എന്ന് സാക്ഷ്യം പറയുന്ന മറിയയുടെ ജീവിതം ക്രിസ്ത്യാനികളുടെ ദൗത്യംതന്നെ പ്രതിഫലിപ്പിക്കുന്നു. ദൈവിക കൃപ മനുഷ്യജീവിതത്തെ എങ്ങിനെ പുതുക്കുന്നു എന്ന ശക്തമായ മറ്റൊരു സന്ദേശം കൂടി മറിയയുടെ ജീവിതത്തിൽനിന്നും നമുക്ക് ലഭിക്കുന്നു.

ക്രിസ്തുവിനെ അനുഗമിക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യത മറ്റാരെക്കാളുമധികം മറിയയിൽ ആണ് കണ്ടെത്തുവാൻ കഴിയുക. ആഴമേറിയ ഭക്തിയുടെയും കർത്താവിനോടുള്ള സ്നേഹത്തിന്റെയും ഒരു പ്രതിഫലനമായിരുന്നു മറിയയുടെ ആ പ്രവർത്തി. കർത്താവിനെ വ്യക്തിപരമായി ശുശ്രൂഷിക്കുന്നതിലൂടെ അത് പ്രകടമാകുന്നു. നമ്മുടെ ബന്ധത്തിന്റെ ഏറ്റവും വിലയേറിയ ഘടകം യേശുവിനോടുള്ള സ്നേഹവും ഹൃദയംഗമായ അടുപ്പവുമാകുന്നു. മറ്റ് യോഗ്യതകളും ആവശ്യമാണെങ്കിലും ക്രിസ്തീയ ശുശ്രൂഷക്കുള്ള അടിസ്ഥാനം സ്നേഹമായിരിക്കണം എന്ന് കർത്താവ് ഊന്നിപ്പറയുന്നു. സുവിശേഷം എന്ന വാക്കിനർത്ഥം 'സുവാർത്ത' എന്നാണല്ലോ. നശിച്ചുകൊണ്ടിരുന്ന മനുഷ്യരാശിയെ രക്ഷിക്കുവാനായി യേശു ക്രിസ്തുവിന്റെ ജനനം, മരണം, പുനരുത്ഥാനം എന്നിവയിലൂടെ ദൈവം പ്രവർത്തിച്ചിരിക്കുന്നു എന്ന സുവാർത്ത എവിടെയെല്ലാം ആത്മാവിന്റെ ശക്തിയിൽ പ്രഘോഷിക്കപ്പെടുന്നുവോ അവിടെയെല്ലാം അത് ആധികാരികതയോടെ വരുന്നു. അത് ദൈവത്തിന്റെ നീതിയെ വെളിവാക്കുന്നു, വിശ്വാസത്തെ ഉളവാക്കുന്നു, രക്ഷയും ജീവനും പരിശുദ്ധാത്മാവിന്റെ ദാനവും കൊണ്ടുവരുന്നു. പാപത്തിന്റെയും സാത്താന്റെയും അധീനതയിൽനിന്ന് വിടുവിക്കുന്നു. പ്രത്യാശയെയും സമാധാനത്തെയും അമർത്യതയെയും ഉളവാക്കുന്നു. ന്യായവിധിയെക്കുറിച്ച് "മുന്നറിയിപ്പ്" നൽകുന്നു. ഇതിനെ തിരസ്കരിച്ചാൽ അത് ശിക്ഷാവിധിയും നിത്യമരണവും കൊണ്ടുവരുന്നു.

ആകയാൽ പ്രിയരെ, മഗ്ദലക്കാരി മറിയയെപ്പോലെ കർത്താവ് ചെയ്തുതരുന്ന ഉപകാരങ്ങളെ മറക്കാതെയും, കർത്താവിന്റെ സഹയാത്രികരായും, കർത്താവിന്റെ ഓരോ അനുഭവങ്ങളും ഓർത്തുകൊണ്ടും, അവന്റെ രണ്ടാം വരവിനായി പ്രത്യാശയോടെ കാത്തിരിക്കുന്നവരായും നിത്യതക്ക് അവകാശികളാകാൻ വിശുദ്ധിയോടെ ഒരുങ്ങി ജീവിക്കുന്നവരാകാനും ദൈവം നമ്മെ സഹായിക്കട്ടെ! ■■■



യൂത്ത്
കോർണർ



Rev. ബേസിൽ
ജോർജ്

# ചീട്ടിടൽ (Casting lots)

"ചീട്ടു മടിയിൽ ഇടുന്നു. അതിന്റെ വിധാനമോ യഹോവയാലത്രേ." (സദൃ 16:33). "ചീട്ടു തർക്കങ്ങളെ തീർക്കയും ബലവാന്മാരെ തമ്മിൽ വേർപെടുത്തുകയും ചെയ്യുന്നു." (സദൃ 18:18)

ബൈബിൾ പഠിതാക്കളെ വളരെ കുഴപ്പിച്ചിട്ടുള്ള ഒരു ചോദ്യമാണ്. ''ദൈവഹിതം തിരിച്ചറിയാൻ ചീട്ടിട്ടാൽ മതിയോ?" എന്നത്. വളരെ പ്രധാനപ്പെട്ട ചില തീരുമാനങ്ങളെടുത്തപ്പോൾ ചീട്ടിട്ട് ദൈവഹിതം അറിഞ്ഞതായി നാം വായിക്കുന്നുണ്ട്. ലേവ്യ 16:8-10-ൽ രണ്ട് കോലാട്ടുകൊറ്റന്മാരെ യഹോവയുടെ സന്നിധിയിൽ കൊണ്ടുവരികയും അവയിലൊന്നിനെ ചീട്ടിട്ട് തിരഞ്ഞെടുത്ത് പാപയാഗമായി അർപ്പിക്കുകയും മറ്റേതിനെ മരുഭൂമിയിലേക്ക് സ്വതന്ത്രമായി പറഞ്ഞയക്കുകയും ചെയ്തിരുന്നു. യിസ്രായേൽ ഗോത്രങ്ങൾക്ക് കനാൻ ദേശം വിഭാഗിച്ച്കൊടുത്തപ്പോൾ ചീട്ടിട്ടാണ് അവകാശം കൊടുത്തതെന്ന് യോശുവ 14:2-ൽ നാം വായിക്കുന്നു. പ്രവാസത്തിൽനിന്നും മടങ്ങിവന്ന യെഹൂദ മൂപ്പന്മാരിൽ ആരാണ് യെരുശലേമിൽ പാർക്കേണ്ടതെന്നും ആരൊക്കെയാണ് മറ്റ് പട്ടണങ്ങളിൽ പാർക്കേണ്ടതെന്നും തീരുമാനിച്ചത് ചീട്ടിട്ടാണ്. (നെഹ. 11:1). പുരോഹിതന്മാരുടെ ശുശ്രൂഷയുടെ ഊഴം തീരുമാനിച്ചതും (1 ദിന. 24:5-19; നെഹ. 10:34). ഹായി പട്ടണത്തോടുള്ള യുദ്ധത്തിൽ പരാജയപ്പെട്ടപ്പോൾ തെറ്റുകാരനായ ആഖാനെയും കുടുംബത്തെയും കണ്ടെത്തിയതും (യോശു 7:14-18) ദൈവത്തോട് അനുസരണക്കേട് കാണിച്ച യോനായെ കപ്പലിൽവെച്ച് തിരിച്ചറിഞ്ഞതും (യോനാ. 1:7) ചീട്ടിട്ടായിരുന്നു. പുതിയനിയമത്തിൽ യേശുവിന്റെ മേലങ്കി പടയാളികൾ ചീട്ടിട്ട് എടുത്തതായും (മത്താ 27:35) യൂദാ ഇസ്കരിയോത്താവിന് പകരം മത്ഥിയാസിനെ തിരഞ്ഞെടുത്തത് ചീട്ടിട്ടാണെന്നും നാം വായിക്കുന്നു. (അപ്പൊ. പ്രവൃ. 1:25-26).

അനേകം പുതിയനിയമ വിശ്വാസികളും മേൽ പറഞ്ഞ വാക്യങ്ങളുടെ പശ്ചാത്തലത്തിൽ തീരുമാനങ്ങളെടുക്കുമ്പോൾ ചീട്ടിട്ട് നോക്കുകയും നാണയങ്ങൾ ടോസ്സ് ചെയ്ത് നോക്കുകയും ചെയ്യാറുണ്ട്. ആദ്യമേ പറയട്ടെ. ഇത് ദൈവഹിതം അറിയാനുള്ള ഒരു സൂത്രവാക്യമായി പുതിയനിയമം നമ്മെ പഠിപ്പിക്കുന്നില്ല. മേൽപ്പറഞ്ഞ എല്ലാ സംഭവങ്ങളും പെന്തെക്കൊസ്ത്നാളിനു മുമ്പായിരുന്നുവെന്ന് നാം ഓർക്കണം. പരിശുദ്ധാത്മാവ് ഭൂമിയിലേക്ക് വന്നശേഷം സഭയിൽ തീരുമാനങ്ങളെടുത്തപ്പോൾ ഒരിക്കൽപ്പോലും ചീട്ടിട്ട് നിശ്ചയിച്ചില്ല. അപ്പൊസ്തലന്മാരുടെ പ്രവർത്തികൾ ആറാം അദ്ധ്യായത്തിൽ സഭയിൽ തർക്കങ്ങൾ ഉടലെടുത്തു. മേശമേൽ ശുശ്രൂഷിക്കുവാൻ 7 പേരെ തിരഞ്ഞെടുത്തപ്പോൾ ചീട്ടിട്ടില്ല. പരിശുദ്ധാത്മാവ് നൽകിയ ആലോചനെക്കനുസരിച്ചാണ് തീരുമാനങ്ങളെടുത്തത്. സഭയിൽ ജാതികളിൽനിന്നും വിശ്വാസത്തിലേക്ക് വന്നവർ പരിച്ഛേദന ഏൽക്കണോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ട സമയത്തും ചീട്ടിട്ടില്ല. (അപ്പൊ. പ്രവൃ. 15) അന്ത്യോക്യയിലെ സഭയിൽ പൌലൊസിനെയും ബർന്നബാസിനെയും കർത്താവിന്റെ വേലക്ക്വേണ്ടി വേർതിരിച്ചപ്പോഴും ചീട്ടിട്ടില്ല (അപ്പൊ. 13:2) പൌലൊസും ബർന്നബാസും തമ്മിൽ തർക്കമുണ്ടായപ്പോഴും, ചീട്ടിടുവാൻ അവർ ശ്രമിച്ചില്ല. (അപ്പൊ. 15:35-38) ഇതിൽനിന്നെല്ലാം നമുക്ക് മനസ്സിലാകുന്നത് പരിശുദ്ധാത്മാവിനെ സഭയിൽ നൽകപ്പെട്ടതോടെ ആത്മീക പക്വതയുള്ള ദൈവദാസന്മാർ പരിശുദ്ധാത്മാവിൽ നിറഞ്ഞവരായി പ്രാർത്ഥനയോടെ തീരുമാനങ്ങളെടുക്കുന്നതാണ് ശരിയായ രീതി എന്നാണ്. കാരണം നമ്മെ സകല സത്യത്തിലും വഴിനടത്തുന്നത് പരിശുദ്ധാത്മാവാണ് (യോഹന്നാൻ 14:16, 26). പൌലൊസിന്റെ മിഷനറി യാത്രയിൽ ആസ്യയിൽ പോകാതവണ്ണം പരിശുദ്ധാത്മാവ് വിലക്കി എന്ന് വായിക്കുന്നുണ്ട് (അപ്പൊ. പ്രവൃ. 16:6).

എന്നു മാത്രവുമല്ല, പുതിയ നിയമ വിശ്വാസികൾക്ക് പൂർണ്ണമായ തിരുവെഴുത്തുകൾ നൽകപ്പെട്ടിരിക്കുകയാണ്. പഴയ നിയമ വിശ്വാസികൾക്ക് ഭാഗീകമായ തിരുവെഴുത്തുകൾ മാത്രമേ ലഭ്യമായിരുന്നുള്ളൂ. അതിനാലാണ് അവർക്ക് ചീട്ടിടേണ്ടി വന്നത്. "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിയും വകപ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസനത്തിനും പ്രയോജനമുള്ളത് ആകുന്നു" (2 തിമൊ 3:16-17). ദൈവവചനത്തെ ശരിയായി ധ്യാനിക്കുന്ന ഒരുവന് ശരിയായ നിലയിൽ ദൈവഹിതത്തെ തിരിച്ചറിയാൻ കഴിയും. ദൈവഹിതം മനസ്സിലാകാത്തതിന്റെ കാരണം ദൈവത്തെ ശരിയായി മനസ്സിലാകാത്തതാണ്. ദൈവത്തെ ശരിയായി മനസ്സിലാകാത്തതിന്റെ കാരണം അവിടുത്തെ വചനം ശരിയായി ഗ്രഹിക്കാത്തതിനാലാണ്.

മൂന്നാമതായി നാമിന്ന് ചീട്ടിട്ട് ദൈവഹിതം അറിയാത്തതിന്റെ കാരണം പുതിയ നിയമം സഭക്ക് നൽപ്പെട്ടിരിക്കുന്ന വിവേചന വരം മൂലമാണ്. (1 കൊരി. 12:10) സഭയിലെ വിശ്വാസികൾക്ക് ഭേദാഭേദങ്ങളെ തിരിച്ചറിയുവാൻ (ഫിലി 1:10) തക്കവണ്ണം ദൈവം വരം നൽകിയിരിക്കുന്നു. എഫെസൊസിലെ സഭയെക്കുറിച്ച് നാം വായിക്കുന്നത് അവർ കള്ള അപ്പൊസ്തലന്മാരെ തിരിച്ചറിയുവാൻ പ്രാപ്തിയുള്ളവരായിരുന്നു. (വെളി. 2:1-2) എന്നാണ്. ഇങ്ങനെ ശരിയായ തീരുമാനത്തെ വിവേചിക്കാൻ വിശ്വാസികൾ പ്രാപ്തരായതുകൊണ്ട് ഇന്ന് ചീട്ടിടൽ ആവശ്യമില്ല.

ഇന്നും നമ്മൾ ചീട്ടിട്ടാണ് ദൈവഹിതം അന്വേഷിക്കുന്നതെങ്കിൽ അത് കേവലം യാന്ത്രികമായ പ്രക്രിയയായിപ്പോകും. ദൈവഹിതം വളരെ കൃത്യമായി മനസ്സിലാക്കുന്നതിനു പകരം കേവലമായ ഒരു സാദ്ധ്യതയെ തിരഞ്ഞെടുക്കലാകും. കൂടാതെ ഒരു വിശ്വാസിയുടെ ആത്മീയ പക്വതക്ക് യാതൊരു സ്ഥാനവുമില്ലാതെ പോകും. എന്നുമാത്രവുമല്ല, ദൈവഹിതം തിരിച്ചറിയുന്നത് ഒരു അന്ധവിശ്വാസമായി അധഃപതിക്കുകയും ചെയ്യും.

ശ്രദ്ധയോടെ പഠിച്ചാൽ പഴയനിയമ കാലഘട്ടങ്ങളിലും ചീട്ടിടൽ ദൈവഹിതമറിയാനുള്ള ഒരു സൂത്രവാക്യമായിരുന്നില്ല. പാപപരിഹാരദിനത്തിൽ രണ്ട് കോലാട്ടുകൊറ്റന്മാരെ തിരഞ്ഞെടുത്തത് ചീട്ടിട്ടായിരുന്നില്ല. ഊനമില്ലാത്ത, ലക്ഷണമൊത്ത, വചനത്തിന്റെ വ്യവസ്ഥപ്രകാരമുള്ള ആട്ടുകൊറ്റനെയാണ് തിരഞ്ഞെടുത്തത്. എന്നാൽ അവയിൽ ഏതിനെ യാഗം കഴിക്കണമെന്നും ഏതിനെ മരുഭൂമിയിലേക്കയക്കണമെന്നും തീരുമാനിക്കുവാനാണ് ചീട്ടിട്ടത്. അവ രണ്ടും ദൈവിക വ്യവസ്ഥപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവയായിരുന്നു. മിസ്രയീമിൽ നിന്നും പുറപ്പെട്ട യിസ്രായേൽമക്കൾ എവിടെപ്പോയി പാർക്കണമെന്നത് ചീട്ടിട്ടല്ല തീരുമാനിച്ചത്. ദൈവഹിതം കനാൻദേശത്തേക്ക് പോകണമെന്നാണ്. യിസ്രായേൽമക്കൾ കനാൻദേശത്ത് എവിടെ പാർത്താലും കുഴപ്പമില്ല. ആ സാഹചര്യത്തിലാണ് ചീട്ടിട്ടത്. യൂദാക്ക് പകരം ആര് വേണമെന്ന് തീരുമാനിച്ചപ്പോൾ അവർ വളരെ ആലോചിച്ചാണ് രണ്ടുപേരെ കണ്ടെത്തിയത്. യോസേഫും, മത്ഥിയാസും, അവരിൽ ആരെ എന്ന് തീരുമാനിക്കാൻ വേണ്ടി മാത്രമാണ് ചീട്ടിട്ടത്. ആ മുറിയിൽ കൂടിയിരുന്ന നൂറ്റിയിരുപത് പേരിൽനിന്നും ചീട്ടിട്ടല്ല അവർ മത്ഥിയാസിനെ തിരഞ്ഞെടുത്തത്. അതായത് ദൈവഹിതം ദൈവവചനത്തിന്റെ പ്രമാണമനുസരിച്ചാണ്. എന്നാൽ ദൈവഹിതപ്രകാരമുള്ള ഒരു തീരുമാനത്തിനകത്ത് വീണ്ടും ഒരു തീരുമാനമെടുക്കേണ്ടിവരുമ്പോൾ മാത്രമാണ് ചീട്ടിട്ടത്. ചീട്ടിടൽ ദൈവഹിതമറിയാനല്ല ദൈവഹിതത്തിനകത്തുള്ള തീരുമാനങ്ങളിൽ തർക്കം ഒഴിവാക്കാനാണ്. (സദൃ 18:16).

(തുടരും)


ഫെയ്സ്ബുക്ക് പേജ്

www.facebook.com/egmofindia

രക്ഷാ സന്ദേശം

എല്ലാ ഞായറാഴ്ച്ചയും തിരുവചനഭാഗത്ത്
നിന്നുള്ള ധ്യാനചിന്തകൾ





ടീച്ചർ



ശോശാമ്മ സാബു

# കുഞ്ഞുമുയലും വലിയകാടും

ഒരിടത്ത് ചിന്നു എന്ന് പേരുള്ള ഒരു കുഞ്ഞു മുയലുണ്ടായിരുന്നു. ചിന്നുവിന് കാട്ടിലൂടെ ഓടിനടക്കാൻ ഇഷ്ടമാണ്. ഒരുദിവസം ചിന്നുവിന് കാടിന്റെ അപ്പുറത്തുള്ള വലിയ മലയുടെ അടുത്തേക്ക് പോകണമെന്ന് തോന്നി.

അമ്മമുയൽ പറഞ്ഞു "ചിന്നു നീ തനിയെ പോകരുത് വഴിതെറ്റാൻ സാധ്യതയുണ്ട്. പോകുമ്പോൾ എപ്പോഴും ദൈവത്തോട് പ്രാർത്ഥിക്കണം. വഴി കാണിച്ചുതരാൻ പറയണം." പക്ഷേ ചിന്നു വിചാരിച്ചു. "എനിക്ക് ഈ കാടൊക്കെ നന്നായി അറിയാം എന്തിനാ വെറുതെ പേടിക്കുന്നത്." ചിന്നു അമ്മ പറഞ്ഞത് വകവെക്കാതെ കാട്ടിലേക്ക് ഓടി. കുറച്ചുദൂരം പോയപ്പോൾ വഴി രണ്ടായി പിരിയുന്നു. ചിന്നു തന്റെ ബുദ്ധി ഉപയോഗിച്ച് ഇടത്തോട്ടുള്ള വഴി തെരഞ്ഞെടുത്തു. പക്ഷേ പോകെപ്പോകെ കാട് ഇരുണ്ടുവന്നു. വഴി കാണാതായി. ചിന്നു പേടിച്ചുപോയി. അവൾക്ക് വഴി തെറ്റി.

അപ്പോൾ ചിന്നുവിന് അമ്മ പറഞ്ഞത് ഓർമ്മ വന്നു. "സ്വന്തം വിവേകത്തിൽ ആശ്രയിക്കരുത്. ദൈവത്തിൽ വിശ്വസിക്കുക."

ചിന്നു അവിടെയിരുന്ന് കണ്ണടച്ച് പ്രാർത്ഥിച്ചു. "ദൈവമേ എനിക്ക് വഴി തെറ്റിപ്പോയി. എന്നെ സഹായിക്കണേ." പെട്ടെന്ന് ദൂരെയൊരു മരക്കൊമ്പിലിരുന്ന ഒരു മൈന പക്ഷി ചിന്നുവിനെ കണ്ടു. ആ പക്ഷി ചിന്നുവിനോടു പറഞ്ഞു. "ചിന്നു നീ തെറ്റായ വഴിയിലാണ് വന്നത്. നേരെ തിരിച്ചു നടക്കു. ഞാൻ നിനക്ക് വഴി കാണിച്ചുതരാം." മൈനയുടെ സഹായത്തോടെ ചിന്നു സുരക്ഷിതമായി വീട്ടിലെത്തി. അന്നുമുതൽ ചിന്നു ഒരു കാര്യം പഠിച്ചു. നമുക്ക് എല്ലാം അറിയാം എന്ന് അഹങ്കരിക്കാതെ ദൈവത്തിലും മുതിർന്നവരിലും വിശ്വാസമർപ്പിക്കണം. നമ്മൾ എപ്പോഴും നമ്മുടെ സ്വന്തം ബുദ്ധിയിൽ മാത്രം ആശ്രയിക്കാതെ ദൈവത്തോടു പ്രാർത്ഥിക്കുകയും മുതിർന്നവരുടെ വാക്കുകൾ കേൾക്കുകയും വേണം. നമ്മുടെ ജീവിതത്തിൽ എന്ത് കാര്യമുണ്ടെങ്കിലും ആദ്യം ദൈവത്തെ ഓർക്കണം. എങ്കിൽ ദൈവത്തിലുള്ള വിശ്വാസം വർദ്ധിപ്പിക്കുവാൻ നമുക്ക് സാധിക്കും.

"പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക. സ്വന്ത വിവേകത്തിൽ ഊന്നരുത്." (സദൃ. 3:5)

■■■

# 2026 ഫെബ്രുവരി

**MORNING FELLOWSHIP**
**എല്ലാ ദിവസവും**

HINDI : 5.00 am – 6.15 am
ID https://meet.google.com/gdhnyycvjy

MALAYALAM : 5.40 am – 6.40 am
ID https://meet.google.com/iibyyvdseq

## ഓൺലൈൻ പ്രോഗ്രാമുകൾ

ഗൂഗിൾ മീറ്റ് വഴി നടത്തപ്പെടുന്നു.
Meeting ID : iibyyvdseq

| Day | Time | Programme | Platform |
|---|---|---|---|
| Every Sunday | 6:00 pm - 7:00 pm | Sunday Club for Kids, Teens and Youth | Google Meet |
| Every Sunday | 9:30 pm - 10:30 pm | Middle East Fellowship | Google Meet |
| Every Monday | 2:30 pm - 3:30 pm | Ladies Prayer Meeting | Google Meet |
| Every Tuesday | 8:00 pm - 9:00 pm | Bible Study | Google Meet |

**എല്ലാ രണ്ടാം ശനിയാഴ്ചയും 10 am - 1 pm**
**അല്ലപ്ര മിഷൻസെന്ററിൽവെച്ച് ധ്യാനയോഗം ഉണ്ടായിരിക്കുന്നതാണ്.**

## മറ്റ് പ്രോഗ്രാമുകൾ

| തീയതി | ദിവസം | സമയം | പ്രോഗ്രാം | സ്ഥലം |
|---|---|---|---|---|
| 01. 02. 2026 | ഞായർ | 6 pm - 9.15 pm | യുവജനസംഗമം | മിഷൻസെന്റർ |
| 05. 02. 2026 | വ്യാഴം | 7 pm - 8.30 pm | പ്രവർത്തക കൂട്ടായ്മ | മിഷൻസെന്റർ |
| 06. 02. 2026 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (നസ്രേത്ത്) | തട്ടാംമുകൾ (കുരട്ടേത്ത് ശ്രീ. കെ. ഒ. ജോർജിന്റെ ഭവനം) |
| 07. 02. 2026 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |
| | | 12 pm - 1 pm | എൽഡേഴ്സ് മീറ്റിംഗ് | മിഷൻസെന്റർ |
| 14. 02. 2026 | ശനി | 10 am - 1 pm | ധ്യാനയോഗം | മിഷൻ സെന്റർ |
| | | 10 am - 12 pm | സഫൽ ക്ലബ് (കുട്ടികൾക്ക്) | മിഷൻ സെന്റർ |
| | | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ബേത്‌ലഹേം) | അല്ലപ്ര (പൈനാടത്ത് ശ്രീ. പി.വി. ജെയിംസിന്റെ ഭവനം) |
| 19. 02. 2026 | വ്യാഴം | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഗെത്സമെൻ) | ഇരിങ്ങോൾ (മുലേക്കുടി ശ്രീ. എം. എ. മത്തായിയുടെ ഭവനം) |
| 21. 02. 2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻ സെന്റർ |
| 22. 02. 2026 | ഞായർ | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (സീനായ്) | വായ്ക്കര (വൈശ്യംപറമ്പിൽ ശ്രീ. ടോണി തമ്പിയുടെ ഭവനം) |
| 26. 02. 2026 | വ്യാഴം | 7 pm - 9 pm | പ്രാർത്ഥനയോഗം | തട്ടാംമുകൾ (പുന്നശ്ശേരിൽ ശ്രീ. പി.വി. ജോസഫിന്റെ ഭവനം) |
| 28. 02. 2026 | ശനി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഹോറേബ്) | മേക്കടമ്പ് (മടത്തിനാതോട്ടത്തിൽ ശ്രീ. Late എം.ജെ. കുര്യാക്കോസിന്റെ ഭവനം) |

# മിഷൻ ഫീൽഡുകളിൽ ക്രിസ്മസ്സ് ഗിഫ്റ്റ് വിതരണം



ബീഹാറിലെ ഹത്യാദിര, കൗവ്വാക്കോൾ, ചപ്പന, മൽബാരി, ജലാഗ്ര മിഷൻ ഫീൽഡുകൾ



ഛത്തീസ്ഗഡിലെ ബിലാസ്പൂർ, മുംഗേലി മിഷൻ ഫീൽഡുകൾ

# ഗോസ്പൽ ഫെലോഷ

നമ്മുടെ മിഷൻസെന്ററിന്റെ സമീപസ്ഥ പ്രദേശങ്ങളിൽ താമസിക്കുന്നവരുടെയും മിഷൻ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നവരുടെയും അഞ്ച് ഫെലോഷിപ്പ് യുണിറ്റുകൾ നമുക്കുണ്ട്. കൂടാതെ എല്ലാ മാസവും യുണിറ്റുകളിൽ പ്രാർത്ഥനായോഗങ്ങളും അനുബന്ധ പ്രവർത്തനങ്ങളും നടത്തിവരുന്നു. വർഷത്തിൽ ഒരിക്കൽ (ഡിസംബർ 25) മിഷൻസെന്ററിൽ ഒരുമിച്ചുകൂടി വിവിധ വിഷയങ്ങളിൽ മത്സരങ്ങൾ നടത്തി മൂല്യനിർണ്ണയം ചെയ്യാറുണ്ട്. സീനിയർ സിറ്റിസൺ ആകുന്നവരെയും, പഠനത്തിൽ ഉന്നതനിലവാരം

## ഏറ്റവും കൂടുതൽ പോയിന്റ് നേടി ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയ യുണിറ്റുകൾ



നസ്രേത്ത് യുണിറ്റ് (ഒന്നാം സ്ഥാനം)



സീനായ് യുണിറ്റ് (രണ്ടാം സ്ഥാനം)

വിവിധ മത്സരങ്ങളിൽ സമ്മാനാർഹരായവർ



# ഷിപ്പ് ഫാമിലി മീറ്റ് – 2025

പുലർത്തുന്നവരെയും ആദരിക്കുകയും ചെയ്തുവരുന്നു. മിഷൻ പ്രവർത്തകർക്കും അവരുടെ തലമുറകൾക്കും വചനത്തിന്റെ പരിജ്ഞാനത്തിൽ വളരുവാൻ ഗോസ്പൽ ഫെലോഷിപ്പ് കൂട്ടായ്മ സഹായിക്കുന്നു. വിവിധ പ്രായത്തിലുള്ളവർക്ക് കർത്താവ് വരുന്നതുവരെ വിശുദ്ധിയിൽ ജീവിക്കുവാനും ദൈവവേലയിൽ പ്രയോജനമുള്ളവരായി തീരുവാനും നമ്മൾ നൽകുന്ന പ്രോത്സാഹനങ്ങൾ സന്തോഷകരമാണ്.



ഐസക്ക് എം
കൺവീനർ



70 വയസ്സ് പൂർത്തിയാക്കിയ ശ്രീമതി ചിന്നമ്മ മാത്യു, ഡോ. സി. വി. കുര്യാക്കോസ്, ശ്രീ. ജോർജ്ജ് കെ.ഒ., ശ്രീ. ബേബി പി. എം. എന്നിവരെ വിശിഷ്ടാതിഥിയായ Rev. റേഷ് ഗോഡ്‌ലിയും മിഷൻ പ്രവർത്തകരും ചേർന്ന് പൊന്നാടയും മെമെന്റോയും നൽകി ആദരിക്കുന്നു.



നജ റ്റി. റെജി



ഗായോസ് പോൾ ബിജു



അലക്സ് കൊള്ളിനാൽ

ഇ. ജി. എം. ഓഫ് ഇന്ത്യ ഗോസ്പൽ ഫെലോഷിപ്പ് കുടുംബത്തിലെ അംഗങ്ങളുടെ ഉന്നതവിജയം കരസ്ഥമാക്കിയവർക്ക് മെമെന്റോയും, കാഷ് അവാർഡും നൽകി മിഷൻ ആദരിച്ചു.





മഹാരാഷ്ട്രയിലെ ഗോന്ദിയ, ഗാഡ്ചിരോലി മിഷൻ ഫീൽഡുകൾ



ജാർഖണ്ഡ് മിഷൻ ഫീൽഡ്



ഗുജറാത്ത് മിഷൻ ഫീൽഡ്



അസ്സം മിഷൻ ഫീൽഡ്



മധ്യപ്രദേശ് മിഷൻ ഫീൽഡ്



വെസ്റ്റ് ബംഗാളിലെ ദങ്കപ്പാറ, കട്ടൽഗുരി മിഷൻ ഫീൽഡുകൾ



കർണ്ണാടക



ഹിമാചൽ പ്രദേശ്

ദൈവകൃപയാൽ 2025 ഡിസംബർ 15 മുതൽ 25 വരെയുള്ള ദിവസങ്ങൾക്കുള്ളിൽ നമ്മുടെ വിവിധ മിഷൻ ഫീൽഡുകളിലെ വിശ്വാസികൾക്കായി ക്രിസ്മസ്സ് സമ്മാനങ്ങളും, സന്ദേശങ്ങളും, സ്നേഹവിരുന്നും നാം പങ്കുവെച്ചു. ഓരോ സമ്മാനങ്ങൾക്കും മിഷൻ ഓരോ ദൈവമക്കളോടും കടപ്പെട്ടിരിക്കുന്നു. ഈ പദ്ധതിയിൽ പങ്കാളികളായ എല്ലാവർക്കും ദൈവനാമത്തിൽ നന്ദി അറിയിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

# ദൈനംദിന സഹായി

വിവിധ വിഷയങ്ങൾക്കായി ഇടിവിൽനിന്ന് പ്രാർത്ഥിക്കുവാൻ തൽപ്പരരായിട്ടുള്ളവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ദൈനംദിന പ്രാർത്ഥനാ സഹായി. ഒരുവർഷംകൊണ്ട് ബൈബിൾ മുഴുവൻ വായിച്ചുതീർക്കാവുന്ന വിധത്തിൽ ഓരോ ദിവസത്തേക്കുമായി വായനാഭാഗങ്ങളും ഒപ്പം ചേർത്തിട്ടുണ്ട്.

**01**

**വായനഭാഗം** : **പുറപ്പാട് 22–24 അദ്ധ്യായങ്ങൾ, മത്തായി 21–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ആന്ധ്രാപ്രദേശ് (വിശാഖപട്ടണം)
**പ്രവർത്തകർ** : സാംസൺ രാജു (ഭാര്യ:എസ്ഥേർ, മക്കൾ: സ്തുതി, നിരീക്ഷണ, ദിവിന, ദിവൈൻ) സാമുവേൽ, ബാവി റെഡ്ഡി, മധഷന സുവർണ്ണരാജ്, പേമാടി ശ്രീനിവാസു, ധുംഗ ആദിനാരായണ
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**02**

**വായനഭാഗം** : **പുറപ്പാട് 25, 26 അദ്ധ്യായങ്ങൾ, മത്തായി 22–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : അരുണാചൽ പ്രദേശ് (ബോംഡില)
**പ്രവർത്തകൻ** : പ്രബിൻ ബിശ്വകർമ്മ (ഭാര്യ: ഗീത, മക്കൾ: മുസ്കാൻ, ഗ്രേസി, ടെൻസി) അമർസിംഗ്
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**03**

**വായനഭാഗം** : **പുറപ്പാട് 27, 28 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അസം (ബൊംഗൈഗാവ്)
**പ്രവർത്തകർ** : വിക്ടർ സോയി (ഭാര്യ: അനിത, മകൾ: എസ്ഥേർ) ബുധുവ മുണ്ട (ഭാര്യ: സൽമി, മക്കൾ: മാർഗരെറ്റ്, ലൂസിയ) രാജീവ് ഗോയാരി (ഭാര്യ: രാജശ്രീ) അജിത്ത് കുമാർ റാവു
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**04**

**വായനഭാഗം** : **പുറപ്പാട് 29–ാം അദ്ധ്യായം, മത്തായി 23–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) സുനിത കുമാരി, പ്രസാദ് റാം, ഉമേഷ് സോറൻ, ഗ്യാൻ പ്രകാശ്
**വിഷയങ്ങൾ** : ശ്യാംലാൽ ബി.പി, ഷുഗർ നോർമൽ ആകുവാനും, സുനിത യൂട്രസിൽ ഇൻഫെക്ഷനായി ഓപ്പറേഷൻ കഴിഞ്ഞു. സൗഖ്യത്തിനായും, അശോക് മദ്യപാനം മാറുവാനും, സൺഡേസ്കൂളിന്റെ പ്രവർത്തനം നല്ലരീതിയിൽ നടക്കുവാനും, ഫീൽഡിൽ യുവാക്കളിൽ അധികവും ലഹരിക്കടിമകളാണ് അവരുടെ മാനസാന്തരത്തിനായും പ്രാർത്ഥിക്കാം.

**05**

**വായനഭാഗം** : **പുറപ്പാട് 32, 33 അദ്ധ്യായങ്ങൾ, മത്തായി 24–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഛോട്ടേലാൽ (ഭാര്യ: സുനിത, മക്കൾ: ട്രീഷ, ഇമ്മാനുവേൽ)
**വിഷയങ്ങൾ** : ലാൽ മാനസാന്തരത്തിനായും, ഫീൽഡിൽ വിവാഹംനടക്കാത്ത അനേകം യുവതീയുവാക്കൾ ഉണ്ട് അവർക്ക് തക്ക തുണകളെ ലഭിക്കുന്നതിനായും, വേലക്കായി യുവാക്കൾ സമർപ്പിക്കപ്പെടുവാനും വേല വളരുന്നതിനായും പ്രാർത്ഥിക്കാം.

**06**

**വായനഭാഗം** : **പുറപ്പാട് 34, 35 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) രൂപ്ചന്ദ്ര് മുർമു (ഭാര്യ: അനിത, മക്കൾ: രൂബേൻ, നിർമ്മൽ, അനുഷ)
**വിഷയങ്ങൾ** : ഛോട്ടേലാൽ, അനിത, ബിജേന്ദ്ര, ലക്ഷ്മൺ ലാൽ- ഇവരുടെ മാനസാന്തരത്തിനായും, ഹത്യാദിര ഫീൽഡിൽ നടക്കുന്ന ചർച്ചുപണിയുടെ അനുഗ്രഹത്തിനായും, ജറുസലേം, സീനായി, കർമ്മേൽ ആരാധനാലയങ്ങളിൽ കൂടി വരുന്ന എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**07**

**വായനഭാഗം** : **പുറപ്പാട് 36, 37 അദ്ധ്യായങ്ങൾ, മത്തായി 25–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : കൈലാഷ് ഹൻസ്ഡ (ഭാര്യ: സുമിത്ര, മക്കൾ: അനുഷ, സഹിൽ), കുന്ദൻ റ്റുഡു
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലയുടെ അനുഗ്രഹത്തിനായും മൽബാരി ഫീൽഡിലെ സൺഡേസ്കൂൾ കുട്ടികൾക്കായും, ഫീൽഡിൽ ചർച്ചു പണിയുന്നതിനായും പ്രാർത്ഥിക്കാം.

**08**

**വായനഭാഗം** : **പുറപ്പാട് 38 – 40 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (ബിലാസ്പൂർ)
**പ്രവർത്തകർ** : രാമേശ്വർപ്രസാദ് സാഹു (ഭാര്യ: പ്രതിമ, മക്കൾ: ജിൽമിൽ, അനാമിക, ഓബേദ്) ത്രിലോചൻ സാഹു, പ്രദീപ് കുമാർ, രാംപാൽ സാഹു, ശ്യാമ സാഹു, ചന്ദ്രപ്രകാശ്, ബൽറാം സാഹു, ശിവനാരയൺ സാഹു, ചന്ദ്രപാൽ ദിവാകർ, മഹേഷ് കുമാർ, ഗിർവർലാൽ ലോട്ട്റെ, രാജേന്ദ്രകുമാർ പട്ടേൽ, ശ്യാംകുമാർ കിഷോർ, ധനേശ്വർസിംഗ് മാർക്കം, ചന്ദ്രകുമാർ ടാൻടൻ
**വിഷയങ്ങൾ** : വിജയ് - തലവേദന, കുസും - തൈറോയിഡ്, ഷുഗർ, മൂത്രതടസ്സം, സുമിത്ര - തളർവാതം, ബസന്ത് - കാൽ വേദന, ഇത്വാരി - കാൻസർ, വിജയലക്ഷ്മി - കാൽ വേദന, ധരം ലാൽ - തോൾ വേദന, ചൈത്രം, പരമേശ്വർ, സന്തോഷ് കാഴ്ച്ചയുടെ പ്രശ്നങ്ങൾ, ഇവരുടെ സൗഖ്യത്തിനായും, സുശീല, പൂനം - സാത്താന്യ ബന്ധനം വിടുതലിനായും, ദുർഗേഷ്, ഹിതേഷ് - കടബാധ്യത മാറുവാനും സുവിശേഷ വേലയുടെ അനുഗ്രഹത്തിനും വളർച്ചക്കുമായും പ്രാർത്ഥിക്കാം.

**09**

**വായനഭാഗം** : **ലേവ്യാപുസ്തകം 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (മുംഗേലി)
**പ്രവർത്തകർ** : രാജേഷ് കുമാർ സാഹു (ഭാര്യ: ചിത്രരേഖ, മകൻ: ജോയൽ) ഉദയ് കുമാർ, ദിൽഹരൺ സാഹു, സഞ്ജു സാഹു
**വിഷയങ്ങൾ** : സുവിശേഷ വിരോധികളുടെ പ്രവർത്തനങ്ങളിൽനിന്നുള്ള വിടുതലിനായും ആരാധനാലയത്തിന്റെ പണി തടസ്സമില്ലാതെ നടക്കുവാനും പ്രാർത്ഥിക്കാം.

**10**

**വായനഭാഗം** : **ലേവ്യാപുസ്തകം 4 – 6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഗുജറാത്ത് (സൂററ്റ്)
**പ്രവർത്തകർ** : വിക്രം ബസേവ (ഭാര്യ: രഞ്ജു, മകൻ: ഏനോശ്, ആരോൺ) വാൽവി ദിനേഷ് ഭായി
**വിഷയങ്ങൾ** : സോബിര - തളർവാതം സൗഖ്യത്തിനായും, വിക്രം - വീടുപണി തടസ്സമില്ലാതെ നടക്കുന്നതിനായും സ്നാനത്തിനൊരുങ്ങുന്ന വിശ്വാസികൾക്കായും, ഫീൽഡിൽ ആരാധനാലയം പണിയുന്നതിനായും, ഗംഗാപൂർ, ഉദാപൂർ, ആമ്പലിബാരി ഗ്രാമങ്ങളിലെ വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**11**

**വായനഭാഗം** : **ലേവ്യാപുസ്തകം 7 – 9 അദ്ധ്യായങ്ങൾ, മത്തായി 26, 27 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഹിമാചൽപ്രദേശ് (സിംല)
**പ്രവർത്തകർ** : അമർ സിംഗ് (ഭാര്യ: വിദ്യ, മക്കൾ : കരിഷ്മ, മോനിക്ക, ജ്യോതി, കരീന, റീമ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും, വേലക്കാർക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**12**

**വായനഭാഗം** : **ലേവ്യാപുസ്തകം 10 – 12 അദ്ധ്യായങ്ങൾ, മത്തായി 28 – ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ജമ്മു – കാശ്മീർ (ഉധംപൂർ)
**പ്രവർത്തകർ** : ജോഗിന്ദർ കുമാർ (ഭാര്യ: ആഷുദേവി; മക്കൾ: പ്രീതി, പിങ്കി, രോഹിത്, പ്രിയ) കുൽഭൂഷൻ കുമാർ
**വിഷയങ്ങൾ** : ഫീൽഡിൽ ആരാധനാലയം പണിയുന്നതിനും, വിശ്വാസികൾക്കായും, വേലയുടെ വളർച്ചക്കായും സുവിശേഷ വേലക്ക് കടന്നു പോകുന്നതിന് ബൈക്കിനായും പ്രാർത്ഥിക്കാം.

**13**

**വായനഭാഗം** : **ലേവ്യാപുസ്തകം 13, 14 അദ്ധ്യായങ്ങൾ, മർക്കൊസ് 1 – ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ജാർഖണ്ഡ് (റ്റാറ്റാനഗർ)
**പ്രവർത്തകർ** : പ്രേംചന്ദ് മുണ്ട (ഭാര്യ: ലാൽമുനി, മക്കൾ: അമരിത, അമരിത്ത്) വിജയ് കച്ചാപ്, സോമനാഥ് കർമ്മാകർ
**വിഷയങ്ങൾ** : സുവിശേഷ വേലയുടെ അനുഗ്രഹത്തിനായും, വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും പ്രാർത്ഥിക്കാം.

**14**

**വായനഭാഗം** : **ലേവ്യാപുസ്തകം 15, 16 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : കർണ്ണാടക (ഹസ്സൻ)
**പ്രവർത്തകൻ** : ജിബിൻ (ഭാര്യ: ബിജി, മക്കൾ: റീമ, ആശിഷ് തിമോത്തി)
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**15**

**വായനഭാഗം** : **ലേവ്യാപുസ്തകം 17, 18 അദ്ധ്യായങ്ങൾ, മർക്കൊസ് 2 – ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : മദ്ധ്യപ്രദേശ് (ജാംബുവ)
**പ്രവർത്തകർ** : അജയ് കുമാർ ഡാമ (ഭാര്യ: വനിത, മക്കൾ: പ്രയാൻഷ്, പ്രിയാൻഷി), ചന്ദ്രപ്രകാശ്, സഞ്ജീവ്, ഫൂൽസിംഗ്, രാജേഷ് മൈഡ, ദീപക് കുമാർ, പാർസിംഗ്, ദേവിലാൽ
**വിഷയങ്ങൾ** : ജാംബുവയിൽ നടത്തപ്പെടുന്ന സുവിശേഷപ്രവർത്തനങ്ങൾക്കായും, സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായും, അമർപാഡ ഗ്രാമത്തിൽ പുതിയതായി ആരംഭിച്ച പ്രാർത്ഥനകൂട്ടായ്മയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

**16**

**വായനഭാഗം : ലേവ്യാപുസ്തകം 19–21 അദ്ധ്യായങ്ങൾ, മർക്കൊസ് 3–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : മഹാരാഷ്ട്ര (ഗോന്ദിയ)
**പ്രവർത്തകർ** : സജി കെ.എസ് (ഭാര്യ: ബിന്ദു, മക്കൾ: ജബിൻ, ജസ്ന), ധിരഞ്ചൻ ലിമ (ഭാര്യ: പ്രകാശിനി, മക്കൾ: എലിയാന, ക്രിസ്റ്റീന), സപ്ന പാട്ട്ലെ, ഛായാലളിത് ജനബന്ധു, സായിനാഥ് മല്ല, ഗണേഷ് ഉമാജി ഷെൻഡെ
**വിഷയങ്ങൾ** : ചർച്ചുപണിയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

**17**

**വായനഭാഗം : ലേവ്യാപുസ്തകം 22–ാം അദ്ധ്യായം, മർക്കൊസ് 5–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : മേഘാലയ (ഷില്ലോങ്)
**പ്രവർത്തകൻ** : അമൃത് ബോറോ (ഭാര്യ: രേഷ്ന, മകൾ: സ്മൃതി, ഏയ്ഡൻ)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

**18**

**വായനഭാഗം : ലേവ്യാപുസ്തകം 23, 24 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : നാഗാലാന്റ് (ഡിമാപൂർ)
**പ്രവർത്തകൻ** : യുൻഷെൻലോ ജിഷിംഗ് രംഗ്മ (ഭാര്യ: സിംഗുൻലെ, മക്കൾ: ഐസക്ക്, ഷെൻഷി, ഹ്യൂകെസിൽ, സോളോ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**19**

**വായനഭാഗം : ലേവ്യാപുസ്തകം 25–ാം അദ്ധ്യായം, മർക്കൊസ് 5–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഒഡിഷ (കണ്ഡമാൽ)
**പ്രവർത്തകർ** : സുദം ഡിഗൽ (ഭാര്യ: എലീശ്ബാ, മക്കൾ: അഭിഷേക്, ആശേഷ്, അർച്ചൻ, അഞ്ജന) തുപേശ്വർ മാജി
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**20**

**വായനഭാഗം : ലേവ്യാപുസ്തകം 26, 27 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (കൊട്ടഗ്രാ)
**പ്രവർത്തകൻ** : പ്രഫുല്ല നായക് (ഭാര്യ: ആരതി, മക്കൾ: ക്രിസ്റ്റീന, ക്രിസ്റ്റഫർ, ശ്രുതി, തോമസ്)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**21**

**വായനഭാഗം : സംഖ്യാപുസ്തകം 1, 2 അദ്ധ്യായങ്ങൾ, മർക്കൊസ് 6–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഒഡിഷ (ഹത്മുനിഗുഡ)
**പ്രവർത്തകൻ** : പത്മസേന കുസുലിയ (ഭാര്യ: ബൈദേഹി, മക്കൾ: സാമുവേൽ, ദാനിയേൽ, ദിൽഷൻ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**22**

**വായനഭാഗം : സംഖ്യാപുസ്തകം 3–5 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (കൽഹണ്ടി)
**പ്രവർത്തകൻ** : ആശിഷ് സിംഗ് (ഭാര്യ: മുക്ത)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**23**

**വായനഭാഗം : സംഖ്യാപുസ്തകം 6, 7 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (ബൈസം കട്ടക്) (മോറിയ കൃപാ ഭവൻ & സ്കിൽ ട്രെയ്നിംഗ് സെന്റർ)
**പ്രവർത്തകർ** : ദിലീപ് സോറൻ (ഭാര്യ: സുനിത, മകൾ: ഏയ്ഞ്ചൽ) അഞ്ജൻ കുമാർ നായക് (ഭാര്യ: ലിലി) രാംരാജ് എം.ജി. (ഭാര്യ: മംമ്ത, മക്കൾ: ജമീമ, ജറീന)
**വിഷയങ്ങൾ** : ട്യൂഷനു കടന്നുവരുന്ന കുട്ടികൾക്കായും, പഠിപ്പിക്കുന്ന അദ്ധ്യാപകർക്കായും, സുവിശേഷവേലയുടെ അനുഗ്രഹത്തിനായും ഗോയൽക്കോണ ഗ്രാമത്തിൽ ദൈവപ്രവൃത്തി വെളിപ്പെടുന്നതിനായും പ്രാർത്ഥിക്കാം.

**24**

**വായനഭാഗം : സംഖ്യാപുസ്തകം 8, 9 അദ്ധ്യായങ്ങൾ, മർക്കൊസ് 7, 8 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : പഞ്ചാബ് (മോഗ)
**പ്രവർത്തകർ** : ജാഗ്സിർസിംഗ് ഭാട്ടി (ഭാര്യ: അനിത, മക്കൾ: ജോൺസൺ, സുഖ്രൂപ് കൗർ), രാജ്പാൽ മസിഹ്
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

**25**

| | | |
|---|---|---|
| വായനഭാഗം | : | **സംഖ്യാപുസ്തകം 10 – 12 അദ്ധ്യായങ്ങൾ, മർക്കൊസ് 9 – ാം അദ്ധ്യായം** |
| മിഷൻ ഫീൽഡ് | : | രാജസ്ഥാൻ (ബാൻസ് വാഡ) |
| പ്രവർത്തകർ | : | ലക്ഷ്മൺലാൽ ദാമോർ (ഭാര്യ: ശാന്ത, മക്കൾ: എലീശ, ആനന്ദ്, വിജയ്, പ്രിസ്കില്ല), ഭരത് പട്ടേൽ, രമേശ്, നരേശ്, നഗിൻലാൽ, രത്തൻലാൽ, സോണിയ ഡേവ്ഡ, അർജുൻസിംഗ്, ദേവിലാൽ, വിജയ്സിംഗ്, മാല കട്ടാറ, വിനോദ് കട്ടാറ, ഗുഡ്‌വിൻ ഗരാസിയ, ലോകേഷ് ചർപോത, രമേഷ്ചന്ദ് പാഡോർ, ആനന്ദ് ഹിരാവത്ത് |
| വിഷയങ്ങൾ | : | വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം. |

**26**

| | | |
|---|---|---|
| വായനഭാഗം | : | **സംഖ്യാപുസ്തകം 13 – 15 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | തമിഴ്നാട് (തേനി) |
| പ്രവർത്തകർ | : | കെ. എബ്രാഹം (ഭാര്യ: ജോൺസിബായ്, മക്കൾ: കൃപാ - ഭർത്താവ്: രവികുമാർ, സാമുവേൽ ജോൺ) |
| വിഷയങ്ങൾ | : | വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം |

**27**

| | | |
|---|---|---|
| വായനഭാഗം | : | **സംഖ്യാപുസ്തകം 16, 17 അദ്ധ്യായങ്ങൾ, മർക്കൊസ് 10, 11 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | തെലങ്കാന (രാമണ്ണപ്പേട്ട) |
| പ്രവർത്തകർ | : | പോൾ ബി. (ഭാര്യ: സന്ധ്യ, മക്കൾ: ഷാർലീ, സുസന്ന, സാറ്റ്‌വിക) കന്നോജു മോശ (ഭാര്യ: ഉമ, മകൻ: അഭിഷേക്) കലകോട്ടി ഗോപാൽ റാവു (ഭാര്യ: ഇന്ദിര, മക്കൾ: രുത്‌വിക, ഇവാഞ്ചലിക) |
| വിഷയങ്ങൾ | : | വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം. |

**28**

| | | |
|---|---|---|
| വായനഭാഗം | : | **സംഖ്യാപുസ്തകം 18 – 21 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | ഉത്തർപ്രദേശ് (ഗോരഖ്പൂർ) |
| പ്രവർത്തകൻ | : | അജിത്ത് കുമാർ (ഭാര്യ: ആശ) |
| വിഷയങ്ങൾ | : | വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം. |


## പ്രാർത്ഥനാ സഹായത്തിന്
# ഗാർഡിയൻ പ്രേയർ സെൽ

**ഭവനത്തിലിരുന്ന് വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവാൻ താത്പര്യമുള്ളവർ ഗാർഡിയൻ പ്രേയർ സെല്ലിൽ അംഗമാകുവാൻ ഞങ്ങളുമായി ബന്ധപ്പെടുക**

**Call: 9446610923** | E-mail: guardianprayercell@gmail.com
www.egmofindia.com





## ഹ്രസ്വകാല ബൈബിൾ കോഴ്സ്
## വചനപഠനത്തിലേക്ക് ഒരു ക്ഷണം

**കേരളത്തിലെ വിവിധ ജില്ലകളിൽ ഗോസ്പൽ മിഷൻ ബിബ്ലിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ ഹ്രസ്വകാല ബൈബിൾ കോഴ്സുകൾ ആരംഭിക്കുന്നു. ദൈവവചനം ആഴത്തിൽ പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഇതൊരു സുവർണ്ണാവസരമാണ്.**



റവ. സണ്ണി കെ ജോൺ

# ക്രിസ്തീയ പെരുമാറ്റത്തിന്റെ അടിസ്ഥാനം

എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽ തന്നേ പ്രസാദിക്കാതിരിക്കയും വേണം.

നമ്മിൽ ഓരോരുത്തൻ കൂട്ടുകാരനെ നന്മെക്കായിട്ടു ആത്മിക വർദ്ധനെക്കു വേണ്ടി പ്രസാദിപ്പിക്കേണം.

"നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെ മേൽ വീണു" എന്നു എഴുതിയിരിക്കുന്നതുപോലെ ക്രിസ്തുവും തന്നിൽ തന്നേ പ്രസാദിച്ചില്ല. എന്നാൽ മുന്നെഴുതിയിരിക്കുന്നതു ഒക്കെയും നമ്മുടെ ഉപദേശത്തിന്നായിട്ടു, നമുക്കു തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന്നു തന്നേ എഴുതിയിരിക്കുന്നു. എന്നാൽ നിങ്ങൾ ഐകമത്യപ്പെട്ടു, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തെ ഏകമനസ്സോടെ ഒരു വായിനാൽ മഹത്വീകരിക്കേണ്ടതിന്നു

സ്ഥിരതയും ആശ്വാസവും നല്കുന്ന ദൈവം നിങ്ങൾക്കു ക്രിസ്തുയേശുവിന്നു അനുരൂപമായി തമ്മിൽ ഏകചിന്തയോടിരിപ്പാൻ കൃപ നല്കുമാറാകട്ടെ." (റോമർ 15:1-6)

ചില ഭക്ഷണ പാനീയങ്ങൾ വർജ്ജിക്കുക, പ്രത്യേക ദിവസങ്ങൾ ആചരിക്കുക എന്നിവ സംബന്ധിച്ച് ശരിയായ നിലപാട് എന്ത് എന്ന് 14-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നു. 15:1-6 വരെയുള്ള ഭാഗത്ത് ഈ പ്രശ്നങ്ങളോടുള്ള സമീപനം എന്തെല്ലാം കാര്യങ്ങൾ അടിസ്ഥാനപ്പെടുത്തിയായിരിക്കണം എന്ന് പൌലൊസ് ചൂണ്ടിക്കാണിക്കുന്നു.

1. സ്വന്തം താത്പര്യങ്ങൾക്ക് അല്ല സഹവിശ്വാസികളോടുള്ള കടമക്ക് മുൻഗണന നൽകണം. ബലഹീനരായ സഹവിശ്വാസികളുടെ ഭാരങ്ങൾ വഹിക്കുന്ന ചുമതല സഭയുടെ കൂട്ടായ്മയിൽ ജീവിക്കുന്ന എല്ലാവർക്കും ഉണ്ട്.

2. ക്രിസ്തു നമ്മുടെ മാതൃകയാണ്. തന്നെത്താൻ പ്രസാദിപ്പിക്കാതെ ദൈവഹിതം ജീവിതപ്രമാണമായി സ്വീകരിച്ചിരുന്ന കർത്താവിനെ നാം അനുകരിക്കേണ്ടതാണ്. സങ്കീർത്തനം 69:9 കാണുക. കർത്താവ് മറ്റുള്ളവരിൽനിന്ന് സഹിച്ച നിന്ദ, ദൈവഹിതവും ആയി താൻ പൂർണ്ണമായി ഏകീഭവിച്ചിരുന്നതിന്റെ ഫലമാണെന്ന് ഈ ഉദ്ധരണി മൂലം (3-ാം വാക്യം) വ്യക്തമായിരിക്കുന്നു.

3. നമ്മുടെ ജീവിതവും പെരുമാറ്റവും തിരുവെഴുത്തുകളിൽ അടിസ്ഥാനപ്പെട്ടിരിക്കണം. തിരുവെഴുത്തുകളുടെ പഠനം നമുക്ക് പ്രോത്സാഹനവും സ്ഥിരതയും പ്രത്യാശയും നൽകുന്നു. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ തിരുവെഴുത്തുകളിൽ അടങ്ങിയിരിക്കുന്നതു കൊണ്ടാണ് ഈ അനുഗ്രഹങ്ങൾ നമുക്ക് ലഭ്യമാകുന്നത്.

4. ക്രിസ്തുവിലുള്ള ഐക്യം മൂലം നാം കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തെ മഹത്വീകരിക്കുകയാണ് സഭയാകുന്ന കൂട്ടായ്മയുടെ ലക്ഷ്യം. മറ്റുള്ളവരോട് ഉള്ള നമ്മുടെ പെരുമാറ്റം ഈ ലക്ഷ്യത്തിലേക്ക് നമ്മെ പുരോഗമിപ്പിക്കേണ്ടതാണ്. ഞാൻ ചെയ്യുന്ന പ്രവർത്തികൾ ദൈവനാമത്തിന്റെ മഹത്വത്തിന് പ്രയോജനപ്പെടുന്നവയോ എന്ന ചോദ്യം നമ്മോടുതന്നെ ചോദിക്കേണ്ടതാണ്.

സഭയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ അവനിമിത്തം കൂട്ടായ്മക്ക് ഭംഗം വരാതിരിക്കണമെങ്കിൽ യേശുക്രിസ്തുവിനെ നോക്കിക്കൊണ്ടും ഉൾക്കൊണ്ടും നമ്മുടെ ജീവിതം നയിക്കേണ്ടതാണ്. ■■■



# “ബലഹീനനു ഒരിക്കലും ക്ഷമിക്കാനാവില്ല, ക്ഷമ ശക്തന്റെ ഗുണമാണ്.”

– നെൽസൺ മണ്ടേല –


# ആദരാഞ്ജലികൾ



## മറിയാമ്മ പൗലോസ് (97)

ചോറ്റാനിക്കര

ഇ.ജി.എം. ഓഫ് ഇന്ത്യയുടെ പ്രഭാത കൂട്ടായ്മയിലെ അംഗവും നമ്മുടെ ഗോസ്പൽ മെസഞ്ചർ മാഗസിനിലെ ലേഖകനുമായ ഡോ. നെൽസൺ അബ്രഹാമിന്റെ ഭാര്യാമാതാവ് ചോറ്റാനിക്കര മണ്ണഞ്ചേരിൽ വീട്ടിൽ ശ്രീമതി മറിയാമ്മ പൗലോസ് (97) 09.01.2026–ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ഇ.ജി.എം. കുടുംബത്തിന്റെ അനുശോചനം ഹൃദയപൂർവ്വം അറിയിക്കുന്നതോടൊപ്പം കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.



## ടി. ഒ. സ്കറിയ (89)

തൃശ്ശൂർ, മാരായ്ക്കൽ

ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഗോസ്പൽ ടീം തൃശൂർ ജില്ലാ സെക്രട്ടറി ശ്രീ. ജോസ് റ്റി. എസിന്റെ പിതാവ് മാരായ്ക്കൽ, തുരുത്താട്ടിൽ വീട്ടിൽ ശ്രീ. ടി.ഒ. സ്കറിയ (89) 03.01.2026–ൽ കർത്താവിൽ നിദ്രപ്രാപിച്ചു.

ഇ.ജി.എം. കുടുംബത്തിന്റെ അനുശോചനം ഹൃദയപൂർവ്വം അറിയിക്കുന്നതോടൊപ്പം കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.



## മേരി (69)

കുന്നക്കാൽ

ഇ.ജി.എം. ഓഫ് ഇന്ത്യയുടെ പ്രധാന പ്രവർത്തകരിൽ ഒരാളായ ശ്രീ. ഒ.ജെ. പൗലോസുകുട്ടിയുടെ മാതാവ് കുന്നക്കാൽ, ഓണംതുരുത്തിൽ വീട്ടിൽ ശ്രീമതി മേരി (69) 03.01.2026–ൽ കർത്താവിൽ നിദ്രപ്രാപിച്ചു. ഇ.ജി.എം. കുടുംബത്തിന്റെ അനുശോചനം ഹൃദയപൂർവ്വം അറിയിക്കുന്നതോടൊപ്പം വേർപാടിന്റെ ദുഃഖത്തിൽ പങ്കുചേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.



# എനിക്കു മക്കളെ തരേണം; അല്ലെങ്കിൽ ഞാൻ മരിച്ചുപോകും.

യാക്കോബ്, ലേയയെക്കാൾ അധികം സ്നേഹിച്ചത് റാഹേലിനെയായിരുന്നു എന്നുള്ളത് വളരെ വ്യക്തമാണ്. എന്നാലും "സ്ത്രീയുടെ പ്രമോദം" ലേയക്കായിരുന്നു. കാരണം അവൾക്ക് മക്കൾ ഉണ്ടായിരുന്നു. റാഹേലിനുവേണ്ടി യാക്കോബ് 14 വർഷം എങ്ങനെ സേവചെയ്തു എന്നാലോചിക്കുക. എന്നിട്ടും ആ മനോഹരമായ വിശ്വസ്തസേവനം വന്ധ്യത്വം ബാധിച്ചിരുന്ന സ്ത്രീക്ക് ആശ്വാസം പ്രദാനംചെയ്തില്ല. ആ കാലത്തെ മുറയനുസരിച്ച്, യാക്കോബ് ധാരാളം ആഭരണം അവളെ അണിയിച്ചിരിക്കാമെങ്കിലും അത്തരം ബാഹ്യമോടികളും ആശ്വാസപ്രദങ്ങളായിരുന്നില്ല. റാഹേൽ കാഴ്ചക്ക് സുന്ദരിയായിരുന്നെങ്കിലും അവളുടെ സന്താനരാഹിത്യനിലക്കുള്ള പരിഹാരം സ്വന്തം സൗന്ദര്യത്തിലോ മറ്റുള്ളവരുടെ പ്രശംസയിലോ അവൾ കണ്ടെത്തിയില്ല. മച്ചിയായ റാഹേലിനെ നോക്കി പുരുഷന്മാർ കളിയാക്കുകയും സ്ത്രീകൾ ഊറ്റമായ വാക്കുകൾ തൊടുത്തുവിടുകയും ചെയ്യുമ്പോൾ, ലേയക്ക് അവളുടെ വസ്ത്രാഗ്രം പിടിച്ചു കളിക്കുന്ന നാല് ചിരിക്കുടുക്കകൾ ഉണ്ടായിരുന്നു എന്ന ഭയങ്കര സത്യം പിന്നെയും അവശേഷിച്ചു. കരഞ്ഞ് കരഞ്ഞ് കലങ്ങിയതുകൊണ്ട് ലേയയുടേതിലും ചുവപ്പുള്ള കണ്ണുകളോടും ചീകിയൊതുക്കാത്ത തലമുടിയോടും വ്യഥയുറ്റ പരുഷശബ്ദത്തോടുംകൂടെ റാഹേൽ യാക്കോബിന്റെ മുന്നിലോട്ടു വന്നിട്ട് അവളുടെ വന്ധ്യതയിൽ കുപിതയും, അപമാനവും നിരാശയും പൂണ്ടവളുമായി, തുളച്ചുകയറുന്ന ശബ്ദത്തിൽ "എനിക്കു മക്കളെ തരേണം അല്ലെങ്കിൽ ഞാൻ മരിച്ചുപോകും." (ഉല്പത്തി 30:1). എന്ന് നിലവിളിച്ചുപറയുന്ന രംഗം എനിക്കൂഹിപ്പാൻ കഴിയും. അവന്റെ മാംസത്തെ ഒരു വാളുകൊണ്ട് കീറിക്കളയുമ്പോലെ ആ രോദനം അവന്റെ ഹൃദയത്തിൽ മുറിവുണ്ടാക്കി.

ഇതു ആത്മീയമായി, ചിന്തിച്ചാൽ, അവളുടെ പ്രാർത്ഥന പതിവു അനുസരിച്ചുള്ള ഒന്നായിരുന്നില്ല. പ്രത്യുത അവൾ ദുഃഖത്താൽ ഗ്രസിക്കപ്പെട്ടു. ലജ്ജകൊണ്ട് സ്തംഭിച്ച് സന്താനരാഹിത്യം നിമിത്തം തലപൊക്കാൻ കഴിയാത്തവളായി തീർന്നതുമൂലം അതു സാഹസികമായ ഒന്നായിരുന്നു. പ്രാസംഗികാ, നിങ്ങളിലൂടെ ദേഹി വന്ധ്യത്വം ഉള്ളതെങ്കിൽ നിങ്ങളുടെ നയനങ്ങളിൽ അശ്രുകണങ്ങളില്ലാത്ത പക്ഷം, നിങ്ങളുടെ പ്രസംഗവേദിയിൽ രക്ഷിക്കപ്പെട്ട് മുന്നോട്ടു വരുന്നവരെ കാണാത്തപക്ഷം, നിങ്ങൾ നിങ്ങളുടെ ജനപ്രീതിയിൽ ആശ്വസിക്കരുത്, നിങ്ങളുടെ ബിരുദങ്ങളിലും, നിങ്ങൾ എഴുതിയ പുസ്തകങ്ങൾ മൂലവും നിങ്ങൾക്കുള്ള ആശ്വാസവും നിങ്ങൾ നിരസിക്കുക. ആത്മീയമായി ജനനം നല്കുവാൻ നിങ്ങൾ അപ്രാപ്തനാകയാൽ ആത്മാർത്ഥമായ, അത്യുല്കടമായ അന്തർദാഹത്തോടുകൂടെ നിങ്ങൾ പരിശുദ്ധാത്മാവ് നിങ്ങളുടെ ഹൃദയത്തിൽ ശരിയായ അനുതാപം വരുത്തേണ്ടതിന് അവനു നിങ്ങളെത്തന്നെ വിധേയനാക്കുക. അയ്യോ! നമ്മുടെ ശൂന്യമായ വേദികൾ മൂലമുള്ള അവമാനം! ശിശുത്തൊട്ടിൽ ശൂന്യമായിട്ടാണ് കിടക്കുന്നതെങ്കിൽ നമ്മുടെ വൈദ്യുത ഓർഗനുകളിലോ, പരവതാനി വിരിച്ച നടപ്പാതകളിലോ, പുതിയ അലങ്കാരങ്ങളിലോ പരിശുദ്ധാത്മാവിന് പ്രസാദം ഉണ്ടാകുമോ? ഒരിക്കലുമില്ല! ഓ, ഇപ്പോൾ ജനിച്ച ശിശുക്കളുടെ അനുഗ്രഹീത നിലവിളിയാൽ തിരുനിവാസത്തിലെ ഭീകര മൂകതക്കു തകർച്ച വന്നെങ്കിൽ!

ഉണർവ്വിന് ഒരു മാതൃകാരൂപം കാണിക്കാനില്ല. എവിടെയും കുഞ്ഞുങ്ങൾ ജനിക്കുന്നത് ഒരേ പ്രക്രിയയാലാണ്. എങ്കിലും ആ കുഞ്ഞുങ്ങൾക്ക് തമ്മിൽ എത്രയോ വ്യത്യാസമാണ്. എല്ലാം പുതിയത്! എല്ലാം പ്രത്യേകമായത്. ആത്മവ്യഥയുടെയും ദീർഘനാളത്തെ പ്രാർത്ഥനയുടെയും വന്ധ്യത്വം നിമിത്തമുള്ള ഭാരത്തിന്റെയും അതേ പ്രക്രിയയാൽ തന്നെ, എല്ലാ കാലഘട്ടങ്ങളിലും ഉണർവ്വുകൾ ഉണ്ടായിട്ടുണ്ട്, എന്നിട്ടും ഉണർവ്വുകൾ ഒന്നിൽ നിന്ന് മറ്റൊന്ന് എത്രയോ വ്യത്യസ്തമായിരുന്നു.

യോനാഥാൻ എഡ്വേർഡിന് സഭാകൂട്ടങ്ങളുടെ കുറവോ സാമ്പത്തിക ചിന്താഭാരങ്ങളോ ഉണ്ടായിരുന്നില്ല. എന്നാൽ ആത്മീയ നിഷ്ക്രിയത്വം അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു. പരിശുദ്ധാത്മ നിറവ് ഉണ്ടാകുന്നതുവരെയും നിശബ്ദമായി, ഇടറുന്ന കണ്ഠത്തോടെ ദുഃഖാർത്തമായ തന്റെ ദേഹി കൃപാസനത്തിൽ കടന്നുപിടിക്കുവാൻ തക്കവണ്ണം ജനന പാപ്പരത്വത്തിന്റെ കളങ്കം അവന്റെ കാൽമുട്ടുകളെ

ബന്ധിക്കുകയും അവന്റെ ആത്മാവിനെ തകർക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ വിജയപ്രദമായ രാത്രിയാമം മുഴുവനുമുള്ള കാത്തിരിപ്പിന്നു ലഭിച്ച ഉത്തരം സഭക്കും ലോകത്തിനും അറിയാവുന്നതത്രെ. അദ്ദേഹം എടുത്ത തീരുമാനങ്ങൾ, അദ്ദേഹം പൊഴിച്ച കണ്ണീർക്കണങ്ങൾ, അദ്ദേഹത്തിന്റെ ഞരക്കത്തിന്റെ വാക്കുകൾ ഇവയൊക്കെയും ദൈവത്തിന്റെ ദിനവൃത്താന്തപുസ്തകത്തിൽ എഴുതപ്പെട്ടിട്ടുണ്ട്. സിൻസൻഡോർഫ്, എഡ്വേർഡ്സ്, വെസ്ലി, തുടങ്ങിയവരെല്ലാംതന്നെ ആത്മീയ ചാർച്ചക്കാർ ആയിരുന്നു. (ജഡപ്രകാരം ചാർച്ചക്കാരായിരിക്കുന്നതു പോലെ ആത്മീയ ചാർച്ചക്കാരും ഉണ്ട്.) അക്കൂട്ടർ പരമ്പരാഗതമായ ലൗകിക പദവികളെ തുച്ഛീകരിക്കുകയും പരിശുദ്ധാത്മാവ് നൽകുന്ന മാന്യസ്ഥാനം അന്വേഷിക്കുകയും ചെയ്തു

രാഷ്ട്രീയവും സൈനികവും ആയ ചരിത്രങ്ങൾ വ്യക്തികളെ ചുറ്റിപ്പറ്റിയാണ് നിലകൊള്ളുക. ലോകത്തെ വിറപ്പിക്കുവാൻ തക്കവണ്ണം അധികാരം സ്വന്തം കൈകളിലെടുത്ത ആളുകളുടെ നാമങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്തീട്ടുണ്ട്. ദുഷ്ടതയിൽ സമർത്ഥനായ ആ ഹിറ്റ്ലറെക്കുറിച്ച് ആലോചിക്കുക. എത്രയോ രാജാക്കന്മാരെ അയാൾ തകിടം മറിച്ചു! എത്രയോ ഭരണകൂടങ്ങളെ അയാൾ ഉലച്ചുകളഞ്ഞു! എത്രയോ ദശലക്ഷങ്ങളെ ശവക്കുഴികളിലാഴ്ത്തി! പത്തു പ്ലേഗ് ബാധയെക്കാൾ കഠോരമായ ഒരു പ്രഹരമായിരുന്നു അയാൾ നമ്മുടെ കാലഘട്ടത്തിന് ഏല്പിച്ചത്. ഹിറ്റ്ലർക്ക് ഒന്നു ചെയ്യുവാനുണ്ടായിരുന്നു; അതു അയാൾ ചെയ്തു! വേദപുസ്തകം പറയുന്നത് അന്ത്യകാലത്തു ദുഷ്ടന്മാർ ദുഷ്ടതയോടുകൂടെ പ്രവർത്തിക്കുമ്പോൾ "തങ്ങളുടെ ദൈവത്തെ അറിയുന്ന ജനം ഉറച്ചുനിന്നു വീര്യം പ്രവർത്തിക്കും." എന്നാണ്. ദൈവത്തെപ്പറ്റി പാടിനടക്കുന്നവരൊ എഴുതുന്നവരൊ പ്രസംഗിക്കുന്നവരൊ അല്ല, പിന്നെയോ തങ്ങളുടെ 'ദൈവത്തെ അറിയുന്നവർക്കു മാത്രമേ' ഉറച്ചുനിൽപ്പാനും വീര്യം പ്രവർത്തിപ്പാനും കഴിയുകയുള്ളു. ആഹാരം വയറു നിറെക്കും എന്നു പറയുന്നതിനാലോ; അറിവ് നമ്മെ ജ്ഞാനികൾ ആക്കും എന്നു സംസാരിക്കുന്നതുകൊണ്ടോ ഫലമില്ല. ദൈവത്തെപ്പറ്റി സംസാരിക്കുന്നു എന്നു പറയുന്നതിന്റെ അർത്ഥം പരിശുദ്ധാത്മ ശക്തി നമ്മിൽ ആകുന്നു എന്നും അല്ല. സഭയിലെ വിശുദ്ധീകരിക്കപ്പെട്ട ഒരു ഭാഗം അപേക്ഷയോടും അഭയയാചനകയോടും കൂടെ തങ്ങളെത്തന്നെ താഴ്ത്തി മുട്ടുകളിന്മേൽ ഇരിക്കുന്നതിന്റെ ഫലമായിട്ടാണ് ഉണർവ്വുണ്ടാകുന്നത് എന്നുള്ള യാഥാർത്ഥ്യം നാം നന്നായി ചിന്തിക്കണം. വ്യാജമതങ്ങളാൽ ബന്ധിതമായ ഒരു കാലഘട്ടത്തെയും, അങ്ങനെ നശിച്ചുപോകുന്ന ലക്ഷോപലക്ഷങ്ങളെയും ദർശിച്ച് അസ്വസ്ഥമായ ഒരു കാഴ്ചപ്പാട് അവർക്കുണ്ടാകുന്നു. അപ്പോൾ അവർ പരിശുദ്ധാത്മാവിനാലും, ഉണർവ്വിന്റെ സ്വർഗ്ഗീയാനുഗ്രഹങ്ങളാലും നിറയപ്പെടുന്നതുവരെ, പക്ഷേ ദിവസങ്ങളോ ആഴ്ചകളോ തന്നെ കാത്തിരിക്കും.

(തുടരും)





# ഗോസ്പൽ മെസഞ്ചർ പ്രചരണമാസം

വിജയകരമായ ക്രിസ്തീയ ജീവിതത്തിനു വ്യക്തികളെയും, കുടുംബങ്ങളെയും ഒരുക്കിയെടുക്കുവാൻ ഗോസ്പൽ മെസഞ്ചർ മാസിക താങ്കളെ സഹായിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ മാസിക അനേകരുടെ കരങ്ങളിലേക്ക് എത്തിക്കുവാൻ നിലവിൽ വരിക്കാരായിട്ടുള്ള നിങ്ങളോരോരുത്തരുടേയും സഹായ സഹകരണം പ്രതീക്ഷിക്കുന്നു. താങ്കളുടെ പ്രിയപ്പെട്ടവർക്ക് ഈ മാഗസിൻ പരിചയപ്പെടുത്തുമല്ലോ. പ്രചരണാർത്ഥം ഈ മാസം (ഫെബ്രുവരി) പുതുവത്സരത്തോടനുബന്ധിച്ച് ഞങ്ങൾക്ക് അയച്ചുതരുന്ന ഇന്ത്യക്ക് അകത്തുള്ള അഡ്രസ്സുകളിലേക്ക് ഗോസ്പൽ മെസഞ്ചർ മാസിക ഒരു വർഷത്തേക്ക് സൗജന്യമായി അയച്ചുതരുന്നതാണ്. വാട്ട്സാപ്പ്/ ഇമെയിൽ വഴി എല്ലാ മാസവും സ്ഥിരമായി ലഭിക്കുവാൻ ഞങ്ങളെ ബന്ധപ്പെടുക.

Call/Whatsapp: +91 8281616654

# NEWS

## ക്രൈസ്തവ പീഡനം



2024 ഒക്ടോബർ മുതൽ 2025 സെപ്റ്റംബർ 30 വരെ ലോകമെമ്പാടും വിശ്വാസത്തിന്റെ പേരിൽ ആകെ 4,849 ക്രൈസ്തവർ കൊല്ലപ്പെട്ടു. മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 373 പേർ കൂടുതലാണെന്ന് ഓപ്പൺ ഡോർസ് സംഘടന അവതരിപ്പിച്ച വാർഷിക റിപ്പോർട്ടിൽ പറയുന്നു. ഈ റിപ്പോർട്ട് അനുസരിച്ച് കൊല്ലപ്പെട്ടവരിൽ ഭൂരിഭാഗവും നൈജീരിയയിൽ ആണ്.

ഓപ്പൺ ഡോർസ് വേൾഡ് വാച്ച് ലിസ്റ്റ് (WWL) റിപ്പോർട്ട്ചെയ്ത 33 വർഷത്തിനിടയിൽ ക്രിസ്ത്യൻ പീഡനം വർദ്ധിച്ചതായി സംഘടന പറയുന്നു. നിലവിൽ 388 ദശലക്ഷത്തിലധികം ക്രൈസ്തവർ ഉയർന്ന തോതിലുള്ള വിവേചനം നേരിടുന്നു. അതായത്, ഏഴ് ക്രൈസ്തവരിൽ ഒരാൾ വീതം. വേൾഡ് പീസ് ലീഗിന് നേതൃത്വം നൽകുന്ന 50 രാജ്യങ്ങളിൽ, 315 ദശലക്ഷം ക്രൈസ്തവർ അവരുടെ വിശ്വാസം കാരണം വളരെ ഉയർന്നതോ തീവ്രമോ ആയ പീഡനങ്ങളും വിവേചനവും നേരിടുന്നുണ്ടെന്ന് പഠനത്തിൽ പറയുന്നു.

**ലോകമെമ്പാടുമായി പീഡിപ്പിക്കപ്പെടുന്നത് 388 ദശലക്ഷത്തിലധികം ക്രൈസ്തവർ**


അന്താരാഷ്ട്ര സന്നദ്ധ സംഘടനയായ ഓപ്പൺ ഡോർസ് തയ്യാറാക്കിയ പട്ടികപ്രകാരം ലോകമെമ്പാടുമുള്ള 388 ദശലക്ഷത്തിലധികം ക്രൈസ്തവരെ മതപരമായ സമ്മർദ്ദവും അക്രമവും ബാധിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള 50 രാജ്യങ്ങളിൽ 34 എണ്ണത്തിലും പീഡനത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും ശ്രദ്ധേയമായ കേസ് സിറിയയാണ്. അവിടെ ക്രിസ്ത്യാനികൾക്കെതിരായ അക്രമത്തിൽ കുത്തനെ വർദ്ധനവുണ്ടായി.

**കൊലപാതകങ്ങളുടെ ആഗോള പ്രഭവകേന്ദ്രമായ നൈജീരിയ**

റിപ്പോർട്ട് അനുസരിച്ച്, ക്രിസ്ത്യാനികൾക്ക് ഏറ്റവും മാരകമായ രാജ്യം നൈജീരിയയാണ്. വിശകലനം ചെയ്ത കാലയളവിൽ ലോകമെമ്പാടും നടന്ന 4,849 കൊലപാതകങ്ങളിൽ 3,490 എണ്ണം ഈ ആഫ്രിക്കൻ രാജ്യത്താണ് നടന്നത്. ഇസ്ലാമിക തീവ്രവാദം, വംശീയ-മത സംഘർഷങ്ങൾ, സംഘടിത കുറ്റകൃത്യങ്ങൾ, സ്ഥാപനപരമായ ബലഹീനത എന്നിവയുടെ സംഗമസ്ഥാനമായാണ് ഓപ്പൺ ഡോർസ് ചൂണ്ടിക്കാണിക്കുന്നത്. 2025 ജൂണിൽ, ബെനു സംസ്ഥാനത്തെ യെൽവാട്ടയിലെ ക്രിസ്ത്യൻ കർഷക സമൂഹത്തിനു നേരെ മണിക്കൂറുകളോളം നീണ്ടുനിന്ന ഒരു ആക്രമണത്തിൽ 258 പേർ കൊല്ലപ്പെട്ടു. കൂടുതലും സ്ത്രീകളും കുട്ടികളുമാണ് കൊല്ലപ്പെട്ടത്.

Source: www.lifeday.in

## മുള്ളില്ലാത്ത മീൻ! ലോകത്തെ അമ്പരപ്പിച്ച് ചൈനയുടെ പുതിയ കണ്ടുപിടിത്തം ഇങ്ങനെ



വിചിത്രമായ മറ്റൊരു കണ്ടുപിടിത്തത്തിലൂടെ ലോകത്തെ അത്ഭുതപ്പെടുത്തി ചൈന വർഷങ്ങൾ നീണ്ട ഗവേഷണത്തിനൊടുവിൽ, ചൈനയിലെ ശാസ്ത്രജ്ഞർ ശല്യമുണ്ടാക്കുന്ന ചെറിയ എല്ലുകൾ ഒഴിവാക്കിയുള്ള മത്സ്യത്തെ വികസിപ്പിച്ചു. 'സോങ്കെ നമ്പർ 6 എന്നാണ് ഇതിനു പേര് നൽകിയത്. ഏഷ്യയിലുടനീളം വ്യാപകമായി ഉപയോഗിക്കുന്ന ശുദ്ധജലമത്സ്യമായ പ്രഷ്യൻ കാർപിന്റെ പുതിയ ഇനമാണിത്. മാംസത്തിലെ ചെറുമുള്ളുകൾ (ഇന്റർ മസ്കുലർ ബോൺസ്) കാരണം കാർപ് മത്സ്യങ്ങൾ കഴിക്കാൻ ബുദ്ധിമുട്ടാണ്. അപകടസാധ്യത വർധിപ്പിക്കുകയും ചെയ്യുന്ന സവിശേഷതയാണ് ഇത്.

**ഭ്രൂണാവസ്ഥയിൽത്തന്നെ ഈ ജീനിന്റെ പ്രവർത്തനം നിർത്തി.**

ഈ എല്ലുകൾ ഒഴിവാക്കുന്നതിനായി ക്രിസ്പർ - കാസ് 9 ജീൻ എഡിറ്റിംഗ് ഉപയോഗിച്ചാണ് ഇതിനെ വികസിപ്പിച്ചത്. ചൈനീസ് അക്കാദമി ഓഫ് സയൻസസിലെ (സിഎഎസ്) ഗ്വി ജിയാൻഫങ്ങിന്റെ നേതൃത്വത്തിലുള്ള ശാസ്ത്രസംഘമാണ് നേട്ടത്തിന് പിന്നിൽ. കാർപ് മത്സ്യങ്ങളുടെ മാംസത്തിൽ 'Y' ആകൃതിയിലുള്ള ചെറുഎല്ലുകൾ രൂപപ്പെടുന്നതിന് കാരണമാകുന്ന 'runx2b' എന്ന പ്രത്യേക ജീനിനെ ഗവേഷകർ തിരിച്ചറിയുകയും അതിന്റെ പ്രവർത്തനം തടയുകയും ചെയ്തു. ഭ്രൂണാവസ്ഥയിൽത്തന്നെ ഈ ജീനിന്റെ പ്രവർത്തനം നിർത്തിയതിലൂടെ, മത്സ്യത്തിന്റെ പ്രധാന അസ്ഥികൂടം സാധാരണ രീതിയിൽ വളരുകയും അതേസമയം മാംസത്തിനുള്ളിലെ നേർത്ത എല്ലുകൾ പൂർണ്ണമായി ഇല്ലാതാകുകയും ചെയ്തു.

**വാണിജ്യാടിസ്ഥാനത്തിലുള്ള മത്സ്യകൃഷിക്ക് അനുയോജ്യം**

കാർപ് ഇനത്തിൽപ്പെട്ട മത്സ്യങ്ങളിൽ സാധാരണ 80 ൽ അധികം ചെറു എല്ലുകൾ കാണും. ഇത് തൊണ്ടയിൽ കുടുങ്ങാൻ സാധ്യതയുണ്ടാക്കും. മത്സ്യപ്രേമികൾക്ക് ഇവ നീക്കംചെയ്യുന്നത് പ്രയാസകരമാണ് പുതിയ ഇനം മത്സ്യം കാർപ് കഴിക്കുന്നത് എളുപ്പമാക്കുമെന്നാണ് പ്രതീക്ഷ. വാണിജ്യാടിസ്ഥാനത്തിലുള്ള മത്സ്യകൃഷിക്ക് അനുയോജ്യമായ രീതിയിലും 'സോങ്കെ നമ്പർ 6' നെ രൂപപ്പെടുത്തിയിട്ടുണ്ട്.

ചൈനീസ് അക്കാദമി ഓഫ് സയൻസസിന്റെ അഭിപ്രായത്തിൽ ഈ മത്സ്യം വേഗത്തിൽ വളരുകയും കുറഞ്ഞ തീറ്റയിൽ കൂടുതൽ വിളവ് നല്കുകയും ചെയ്യുന്നു. ജനിതക കണ്ടുപിടിത്തങ്ങളിലൂടെ ഭക്ഷ്യസുരക്ഷ മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്ന സിഎഎസിന്റെ 'പ്രിസിഷൻ സീഡ്' ഡിസൈൻ ആൻഡ് ക്രിയേഷൻ' എന്ന പദ്ധതിയുടെ ഭാഗമായി 6 വർഷം നീണ്ടുനിന്ന ഗവേഷണത്തിന്റെ ഫലമായാണ് ഈ നേട്ടം. ഈ കണ്ടുപിടിത്തം മറ്റ് പ്രമുഖ ശുദ്ധജല മത്സ്യങ്ങളിലും സമാനമായ മാറ്റങ്ങൾ വരുത്താൻ വഴിയൊരുക്കുമെന്നാണ് ശാസ്ത്രജ്ഞരുടെ പ്രതീക്ഷ.

(Source: www.manoramaonline.com)

# GOSPEL MISSION BIBLICAL ACADEMY

## SUNDAY CLUB

എല്ലാ ഞായറാഴ്ച്ചയും
6:00 PM - 7.00 PM (IST)

"ദൈവവചനം പഠിക്കുവാൻ, ദൈവസ്നേഹത്തിൽ വളരുവാൻ"

**സവിശേഷതകൾ**


തികച്ചും സൗജന്യം | ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ | വചനപഠനം | അനുഭവസമ്പന്നരായ അദ്ധ്യാപകർ | സഭാപരമായ വ്യത്യാസം ഇല്ല
മറ്റു മതസ്ഥർക്കും പ്രവേശനം | പാഠ്യപദ്ധതിപ്രകാരമുള്ള ക്ലാസ്സുകൾ | 7 മുതൽ 40 വയസ്സുവരെ പ്രായമുള്ളവർക്ക്
പ്രായമനുസരിച്ചുള്ള ക്ലാസ്സ് വിഭജനം

ഇന്ത്യയിലും വിദേശത്തുമുള്ളവർക്ക് പങ്കുചേരാം !!!

രജിസ്ട്രേഷനുവേണ്ടി 8281616654 എന്ന നമ്പറിൽ വാട്ട്സാപ്പ് വഴിയോ നേരിട്ടോ ബന്ധപ്പെടുക.

SEPARATE GROUPS FOR KIDS, TEENS, YOUTH

## മിഷൻഫീൽഡിൽനിന്നുള്ള അനുഭവസാക്ഷ്യം



### തളർവാതരോഗത്തിൽനിന്നും വിടുതൽ

മൂന്ന് മാസങ്ങൾക്കു മുമ്പ് പെട്ടെന്ന് എന്റെ ഇടതുവശം തളർന്നു പോയി. ഇടതു കൈയ്യുടെയും കാലിന്റെയും ചലന ശേഷി നഷ്ടപ്പെട്ടു. ദൈവമക്കളുടെ പ്രാർത്ഥനയുടെ ഫലമായി ദൈവം എന്റെ ജീവിതത്തിൽ പ്രവർത്തിച്ചു. കൈക്കും,കാലിനും ശേഷി ലഭിച്ചു. അതിന്റെ ഫലമായി തളർന്ന കൈ പൊക്കി ദൈവത്തിനു നന്ദി പറഞ്ഞു പ്രാർത്ഥിക്കുവാൻ സാധിച്ചു. ഇപ്പോൾ പരസഹായത്തോടെ ഞാൻ നടക്കാൻ ശ്രമിക്കുകയാണ്. ദൈവം അധികം ശക്തി നൽകേണ്ടതിനായി എല്ലാവരുടെയും പ്രാർത്ഥന ചോദിക്കുന്നു. എന്റെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിച്ച ദൈവത്തിനു ഒത്തിരി നന്ദി!!!

സുമിത്ര കെവാത്ത്, ബിലാസ്പുർ, ഛത്തീസ്ഗഢ്

## ജീവിത പങ്കാളിയെ തേടി



സുവിശേഷവേലയിലും കൂട്ടായ്മബന്ധത്തിലും താൽപര്യമുള്ള ഒരു ജീവിതപങ്കാളിയെ കണ്ടെത്തുവാൻ, ഗോസ്പൽ മെസഞ്ചർ വരിക്കാരായിട്ടുള്ളവർക്കു മാത്രം ഒരുക്കുന്ന പംക്തി. (വരിക്കാരല്ലാത്തവർ 200 രൂപ അടക്കുമ്പോൾ പരസ്യം പ്രസിദ്ധീകരിക്കുന്നത് കൂടാതെ ഒരു വർഷത്തേക്ക് ഗോസ്പൽ മെസഞ്ചർ മാസിക സൗജന്യമായി അയച്ചുതരുന്നതുമാണ്. ബയോഡാറ്റയും ഒപ്പം താഴെ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനയും ചേർത്ത് ഞങ്ങൾക്ക് അയച്ചുതരിക.

*ഞാൻ............ വർഷമായി/മാസമായി ക്രിസ്തീയ ജീവിതാനുഭവമുള്ള വ്യക്തിയാണ്. എന്റെ കുടുംബവും പ്രാർത്ഥനാനുഭവമുള്ളതാണ്. ദൈവകൃപയുള്ള ഒരു ജീവിതപങ്കാളിയെ ഞാൻ ആഗ്രഹിക്കുന്നു.*

യുവാവ്/ യുവതിയുടെ പേര് :............................................................ ഒപ്പ്:....................

1. റോമൻ കാത്തലിക് യുവാവ് (33 വയസ്സ്, 177 സെ.മീ ഉയരം) പോസ്റ്റ് ഗ്രാജുവേഷൻ കോമേഴ്സ് (പൂനെ യൂണിവേഴ്സിറ്റി), സീനിയർ അസിസ്റ്റന്റായി തിരുവനന്തപുരം ISRO (VSSC)-യിൽ ജോലി ചെയ്യുന്നു. Retinitis Pigmentosa എന്ന കാഴ്ച സംബന്ധമായ ബുദ്ധിമുട്ടുള്ളതുകൊണ്ട് 80 ശതമാനത്തിലധികം കാഴ്ചശക്തി നഷ്ടപ്പെട്ടിട്ടുണ്ട്. കീബോർഡ് വായിക്കുന്നതിലും, സംഗീതം ചെയ്യുന്നതിലും തല്പരനാണ്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന, ക്രൈസ്തവ മൂല്യങ്ങളുള്ള, കാഴ്ചപരിമിതി മനസ്സിലാക്കി സ്വീകരിക്കാൻ തയ്യാറുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Ph: 9762440472

# ആരോഗ്യവിചാരം

## വേഗത്തിൽ നടക്കുന്നവരാണോ? നിങ്ങൾക്ക് ചില സ്വഭാവസവിശേഷതകളുണ്ട്



**പു**റത്തെ തിരക്കിലേക്കിറങ്ങുമ്പോൾ മനുഷ്യരുടെ പലതരം നടത്തം ശ്രദ്ധിച്ചിട്ടുണ്ടോ? ചിലർ ചുറ്റുമുള്ള കാഴ്ചകളിൽ സന്തോഷിച്ചും പരിഭവിച്ചും സാവധാനം നടക്കും. മറ്റു ചിലർ ചെവിയിൽ ഇയർഫോണുകൾ തിരുകി തന്റെ ലോകത്തായിരിക്കും. ഇനി ചിലരുണ്ട്, സമയത്തോട് മല്ലടിച്ച് പായുന്നവർ. തിരക്കുണ്ടായിട്ടോ കഠിനാധ്വാനമോ അല്ല, സമയം എന്തിന് വെറുതെ കളയണമെന്നതാണ് അവരുടെ ഒരു ലൈൻ. മനഃശാസ്ത്രത്തിൽ ഇക്കൂട്ടർക്ക് ചില സ്വഭാവസവിശേഷതകളുണ്ട്.

സാവകാശം, ക്ഷമ എന്നത് ഇവർക്ക് അത്ര പരിചിതമല്ല. വേഗത്തിലുള്ള നടത്തമാണ് ഇവരുടെ ഹൈലൈറ്റ്. കാലതാമസങ്ങളിൽ അക്ഷമരായ ഇവർ ഉയർന്ന ലക്ഷ്യബോധമുള്ളവരായിരിക്കുമെന്ന് മനഃശാസ്ത്രം പറയുന്നു. തീരുമാനങ്ങൾ പെട്ടെന്നായിരിക്കും. വാ തുറക്കുന്നതിന് മുമ്പ് അവരുടെ കാലുകൾ ഓടിട്ടുണ്ടാവും.

JAMA യിൽ പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ ശരാശരിയെക്കാൾ വേഗത്തിൽ നടക്കുന്നവർ സദാസമയവും ഭാവിയെക്കുറിച്ച് അധികമായി ചിന്തിക്കുന്നവരായിരിക്കും. ലക്ഷ്യം നേടണമെന്ന അഭിലാഷവും വിശ്വാസ്യതയുടെയും കാര്യത്തിൽ ഇവർക്ക് എപ്പോഴും ഉയർന്ന സ്കോറായിരിക്കും. സമയം കൃത്യമായി പാലിക്കുന്നവരായിരിക്കും ഇവർ. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ, പറഞ്ഞ സമയത്തിനും ഒരു അഞ്ച് മിനിറ്റ് മുമ്പ് ഹാജരാകും.

കാത്തിരിപ്പ് ഇവർക്ക് അരോചകമാണ്. എപ്പോഴും എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കാൻ അവരുടെ മസ്തിഷ്കം അവരെ സദാ പ്രേരിപ്പിച്ചുകൊണ്ടിരിക്കും. അത് അവരുടെ മെസേജ് അയക്കുന്ന രീതിയിലും സംഭാഷണത്തിലും റോഡ് മുറിച്ചുകടക്കുന്നതിൽപ്പോലും പ്രതിഫലിക്കാം. ഇത് ഇവർ അറിഞ്ഞുകൊണ്ട് ചെയ്യുന്നതാണോ എന്ന് സംശയം ഉണ്ടാകാം. എന്നാൽ വളരെ സ്വാഭാവികമായി ഉണ്ടാകുന്ന ഒരു രീതിയാണ്.

സൂപ്പർമാർക്കറ്റിൽ പോയാൽ ഏറ്റവും ചെറിയ നിര നോക്കി പിന്നിൽ നിൽക്കും. ഓഫീസിൽ മറ്റുള്ളവർ ബാഗ് പാക്ക് ചെയ്യുമ്പോഴേക്കും ഇവർ പകുതി ദൂരം പിന്നിട്ടിട്ടുണ്ടാവും. ഇത് മാത്രമല്ല. നടത്തത്തിനിടെ ഒന്നിലധികം കാര്യങ്ങളും ചെയ്യും. ഉദാ. ഫോൺ വിളിക്കുക, ദിവസം മാനസികമായി ആസൂത്രണംചെയ്യുക. ബുദ്ധിമുട്ടുള്ള സംഭാഷണങ്ങൾ പരിശീലിക്കുക തുടങ്ങിയ കാര്യങ്ങൾ.

ഫാസ്റ്റ് വാക്കേഴ്സ് ഉയർന്ന ആത്മനിയന്ത്രണവും ശക്തമായ അടിയന്തിരബോധവും പ്രകടിപ്പിക്കുന്നവരാണ്. ദീർഘകാല ലക്ഷ്യങ്ങൾ സെറ്റ് ചെയ്യുകയും അത് കൃത്യമായി ട്രാക്ക് ചെയ്യാനും അവർ മറക്കാറില്ല. എന്നാൽ പലപ്പോഴും ഈ അനാവശ്യ തിടുക്കം അവരെ ജീവിതം സജീവമാക്കി വെക്കുന്നതിൽ സമ്മർദ്ദവും ഞെരുക്കവും ഉണ്ടാക്കുന്നു.

ഇനി ഇതിന്റെ ബയോളജിക്കൽ സൈഡ് കൂടി നോക്കാം. വേഗത്തിലുള്ള നടത്തം അവരെ ആരോഗ്യമുള്ളവരാക്കാനും സഹായിക്കുന്നുണ്ട്. കൂടുതൽ ആരോഗ്യമുള്ളവർക്ക് കുറഞ്ഞ പരിശ്രമത്തിൽ തന്നേ വേഗത്തിൽ നീങ്ങാൻ കഴിയും. ഇത് ഹൃദയം ആരോഗ്യമുള്ളതാക്കാനും തലച്ചോറിലേക്കുള്ള ഓക്സിജൻവിതരണം മികച്ചതാക്കാനും സഹായിക്കും.

പതുക്കെ നടക്കുന്നവർ പലപ്പോഴും ഒരേസമയം വ്യത്യസ്തമായി ജീവിക്കുന്നവരാണ്. ശ്രദ്ധിക്കുന്നതിനും നീങ്ങുന്നതിനും കൂടുതൽ ഇടമുണ്ടാകും. വളരെ വേഗത്തിൽ നടക്കുന്നതും വളരെ പതുക്കെ നടക്കുന്ന രീതിയും ശരിയല്ല. ബിഹേവിയർ സയൻസ് പ്രകാരം നിങ്ങളുടെ വേഗതയെക്കുറിച്ച് ബോധവാന്മാരായി നടക്കുക എന്നതാണ് പ്രധാനം. ■■■

Source: www.samakalikamalayalam.com


**വാട്ട്സാപ്പ്**

**ഡോ. വി. പി. മത്തായി വാലയിൽ നൽകുന്ന വചന സന്ദേശങ്ങൾ വാട്ട്സാപ്പിലൂടെ കൈമാറുന്നു. ആവശ്യപ്പെടുന്ന നമ്പറുകളിലേക്ക് അയച്ചുതരുന്നതാണ്. Contact: 9447707654**

ഭാഗം : 02

# ബൈബിൾ ക്വിസ് FEB 2026



(1 രാജാക്കന്മാർ, വെളിപ്പാട്, GM ജനുവരി 2026)

1. ദാവീദ്‌രാജാവിന് കുളിർ മാറ്റാൻ കൊണ്ടുവന്ന യുവതി?
2. സ്ത്രീകളുടെ മുടിപോലെ അതിന്നു മുടി ഉണ്ട്. ഏതിന് ?
3. തനിക്കു മുമ്പായി ഓടുവാൻ 50 അകമ്പടികളെ സമ്പാദിച്ചത് ആര് ?
4. ചിറകിന്റെ ഒച്ച പടെക്കു ഓടുന്ന അനേകം കുതിരത്തേരുകളുടെ ഒച്ചപോലെ ഏതിന്റെ?
5. ഇവർ അദോനീയാവിന് പിന്തുണയായിരുന്നു ആരെല്ലാം?
6. നമ്മുടെ ജീവിതത്തിലെ പരീക്ഷണഘട്ടങ്ങളിൽ നാം വീണുപോകാതെ കാക്കും. എന്ത് ?
7. വെട്ടുക്കിളിയുടെ രാജാവ് ?

*ശരിയുത്തരങ്ങൾ തപാൽ / ഇ-മെയിൽ / വാട്ട്സാപ്പ് മുഖേന അതാതു മാസം 20-ാം തീയതിക്കുള്ളിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.*

8. അദോനീയാവ് കഴിച്ച വിരുന്നിൽ ക്ഷണിക്കപ്പെടാത്ത സഹോദരൻ?
9. എബ്രായഭാഷയിൽ അബദ്ദോൻ എന്ന പേര് ആരുടേത് ?
10. ശലോമോൻ എന്റെ സിംഹാസനത്തിൽ ഇരിക്കും എന്ന് ദാവീദ് ആരോടാണ് സത്യം ചെയ്തത് ?

## ബൈബിൾ ക്വിസ് 2026 - ഭാഗം 1 ശരിയുത്തരങ്ങൾ

1. ദാവീദ് (2 ശമൂവേൽ 24:17)
2. സൂര്യനും ആകാശവും (വെളിപ്പാട് 9:2)
3. അരവ്നയുടെ മെതിക്കളത്തിലേക്ക് (2 ശമൂവേൽ 24:19)
4. വെട്ടുക്കിളിക്ക് (വെളിപ്പാട് 9:3)
5. സാഷ്ടാംഗം വീണ് (2 ശമൂവേൽ 24:20)
6. വെട്ടുക്കിളിക്ക് (വെളിപ്പാട് 9:4, 5)
7. മെതിവണ്ടികളും കാളക്കോപ്പുകളും (2 ശമൂവേൽ 24:22)
8. 'ദൈവഹിതം തിരിച്ചറിയാനുള്ള 5 വഴികൾ' (ജിഎം ഡിസംബർ പേജ് 14)
9. വെട്ടുക്കിളിയുടെ (വെളിപ്പാട് 9:7)
10. 50 ശേക്കൽ വെള്ളിക്കു (2 ശമൂവേൽ 24:24)

# പ്രവർത്തകരെ ബന്ധപ്പെടാം

**GOSPEL TEAM**

STATE CO-ORDINATOR

P.V. JOSEPH : 94465 96654

ORGANIZER

M.O. JOSE : 86067 04376

**ZONAL SECRETARIES**

| |
|---|
| CHINNU RAJAN : 99953 29889 |
| JANCY VARGHESE : 94465 23654 |
| C.K. ABRAHAM : 94478 74276 |
| VALSA KURIAKOSE : 94972 80050 |
| M.A. MATHAI : 85473 90680 |

**ഓഫീസ്** OFFICE TIME : 9.30 AM - 6.00 PM

Address : E. G. M. OF INDIA, MISSION CENTRE, ALLAPRA P.O, ALLAPRA, ERNAKULAM (DIST), KERALA - 683556

Phone : 0484 - 2593838, (+91) 8281616654 (Whatsapp)

E-mail : egmofindia@gmail.com

Website : www.egmofindia.com

**Dr. V. P. MATHAI VALAYIL**
Phone : (+91) 9447707654
E-mail : vpmathaivalayil@gmail.com

# "FEAST OF JOY"

## SAFAL CLUB - ANNUAL DAY














ദൈവത്തിന്റെ അളവറ്റ കൃപയാൽ Safal Club - Annual Day – യും Christmas Programme – ഉം "Feast of Joy" 27.12.2025 ശനിയാഴ്ച്ച 10 am മുതൽ 3 pm വരെ അല്ലപ്ര മിഷൻസെന്ററിൽ വച്ച് നടത്തപ്പെട്ടു. വിവിധ യൂണിറ്റുകളിൽ നിന്നുള്ള കുട്ടികൾ പ്രോഗ്രാമിൽ പങ്കെടുത്തു. ഇ.ജി.എം.ഓഫ് ഇന്ത്യ ഡയറക്ടർ ഡോ. വി.പി മത്തായി വാലയിലിന്റെ അധ്യക്ഷതയിൽ Ms. രഞ്ജു പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി. 'തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക' റോമാ ലേഖനം (12:21) എന്ന വാക്യത്തെ ആസ്പദമാക്കി മത്തായി സാർ കുട്ടികൾക്ക് ക്ലാസ്സ് എടുത്തു. വിവിധ വിഷയങ്ങളിൽ സൺഡേക്ലബ് മെന്റേഴ്സും കുട്ടികൾക്കായി ക്ലാസ്സുകൾ എടുത്തു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു. പങ്കെടുത്ത എല്ലാ കുട്ടുകാർക്കും സമ്മാനം വിതരണം ചെയ്തു. പ്രാർത്ഥനയോടെ പ്രോഗ്രാം സമാപിച്ചു.

നാളിതുവരെ നടത്തിയ ദൈവത്തിന് നന്ദി പറഞ്ഞും വളരുന്ന തലമുറക്ക് ദൈവത്തിന്റെ സ്നേഹവും ദൈവവചനത്തിന്റെ സ്വാധീനവും പകർന്നുകൊടുത്ത് അവരെ യേശുവിൽ വളർത്തുവാൻ എല്ലാവരുടെയും പ്രാർത്ഥനയും പങ്കാളിത്തവും ദൈവനാമത്തിൽ ചോദിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

# എങ്ങനെ സഹായിക്കാം?

## സുവിശേഷവേലയിൽ

### പ്രതിമാസ പങ്കാളിത്തം (monthly)

ഒരു സ്റ്റേറ്റിലെ മിഷൻ പ്രവർത്തനങ്ങൾക്ക്
Support for the works in a Mission field : ₹ 15,000/

ഒരു മിഷനറിയുടെ സന്ധാരണത്തിന്
support for a Missionary : ₹ 5,000/

ഒരു ഗ്രാമത്തിന്റെ സുവിശേഷീകരണത്തിന്
Evangelisation of a village : ₹ 2,500/

ബൈബിൾ, സുവിശേഷപ്രതികൾക്ക്
Distribution of Bible, Tracts etc. : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു ആരാധനാലയം നിർമ്മിക്കുവാൻ
Construction of a Church : ₹ 10,00,000/

ഗ്രാമത്തിൽ ഒരു പ്രേയർ ഹാൾ
Construction of a Prayer Hall in a village : ₹ 4,00,000/

ഫീൽഡിലേക്ക് ഒരു ടൂവീലർ
Buy a twowheeler to the Mission field : ₹ 1,00,000/

ഫീൽഡിലേക്ക് ഒരു സൈക്കിൾ
Buy a cycle to the Mission field : ₹ 5,000/

## കാരുണ്യപ്രവർത്തനത്തിൽ

80 G ഇളവ് ഉണ്ടായിരിക്കുന്നതാണ്

### പ്രതിമാസ പങ്കാളിത്തം (monthly)

ട്രൈബൽ വില്ലേജിലെ ഉച്ചഭക്ഷണം
Distribute Lunch In Tribal school : ₹ 5,000/

മെഡിസിൻ വിതരണത്തിന്
Distribution of medicine : ₹ 1000/

ഒരു ബി. പി. എൽ കുടുംബത്തിലേക്കുള്ള പാലിയേറ്റീവ് സേവനങ്ങൾക്ക്
Palliative Care for a BPL Family : ₹ 1,000/

ഒരു മിഷനറിയുടെ ഒരുകുട്ടിയുടെ വിദ്യാഭ്യാസചിലവ്
Support : ₹ 1,700/

വിദ്യാഭ്യാസ സഹായം
Educational help : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു വീട് നിർമ്മിക്കുവാൻ
Construction of a house for the poor : ₹ 4,00,000/

സ്കൂൾ യൂണിഫോമും, ബാഗും, ഷൂസും അടങ്ങുന്ന കിറ്റ്
school uniform, bag & shoes : ₹ 1,500/

## ബാങ്ക് വിവരങ്ങൾ

**Name :** EGM OF INDIA **A/c No :** 337 572 223 61

**Name :** MATHAI V.P. **A/c No :** 303 940 841 48

**State Bank of India**
**Perumbavoor**
**IFSC: SBIN0008661**
**SWIFT: SBININBB395**

UPI ID: egmofindia@sbi

## ബാങ്ക് വിവരങ്ങൾ

**Name:** HELP INDIA MISSION
**A/c No:** 100 302 000 284 26
**Name:** MATHAI V.P. **A/c No:** 100 301 005 826 13

**Federal Bank**
**Perumbavoor**
**IFSC: FDRL0001003**
**SWIFT: FDRLINBBIBD**

UPI ID: helpindia@fbl

## (ചിലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കാവുന്നതാണ്.)

**പണമയക്കുന്നവരുടെ ശ്രദ്ധയ്ക്ക്**

- 2000/- രൂപക്ക് മുകളിലുള്ള തുക ചെക്കായോ, ഡ്രാഫ്റ്റായോ, നേരിട്ട് ബാങ്കിലേക്കോ, ഇന്റർനെറ്റ് മുഖേനയോ അയക്കേണ്ടതാണ്.
- 500 രൂപയിൽ താഴെ സംഭാവന അയക്കുന്നവർ തുക മണി ഓർഡറായി അയക്കുന്നത് സൗകര്യമാണ്.
- പണം അയക്കുന്നവർ അവരുടെ ഫോൺ നമ്പർ കൂടി അറിയിച്ചാൽ, പണം ലഭിച്ച വിവരം ഉടൻ വിളിച്ചറിയിക്കാൻ സാധിക്കും.
- പണം അയച്ച് ഒരു മാസത്തിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാകുന്നു.

നേരിട്ട് ബാങ്കിലേക്കോ ഇന്റർനെറ്റ് മുഖേനയോ പണം അയക്കുന്നവർ നിർബന്ധമായും SMS / Email / Telephone / Letter / WhatsApp ഇതിൽ ഏതെങ്കിലും വിധത്തിൽ ഓഫീസിൽ വിവരം അറിയിക്കാത്തപക്ഷം കൃത്യമായി അക്കൗണ്ട് ചെയ്യുവാനോ നിങ്ങളെ വിവരമറിയിക്കുവാനോ സാധിക്കാതെ പോകും. ഇക്കാര്യത്തിൽ സഹായിക്കണമേ. (Ph: +91 8281616654)

ഹെൽപ്പ് ഇന്ത്യ മിഷൻ

www.helpindiamission.com

# മോറിയ സ്കിൽ ട്രെയിനിംഗ് സെന്റർ, ഒഡീഷ







ഒഡീഷയിലെ ബൈസംകട്ടക്കിലാണ് നമ്മുടെ മോറിയ സ്കിൽ ട്രെയിനിംഗ് സെന്റർ സ്ഥിതിചെയ്യുന്നത്. Br. എം.ജി. രാംരാജ്, Br. ദിലീപ് സോറൻ എന്നിവർ കുടുംബമായി അവിടെ ശുശ്രൂഷകൾ ചെയ്തുവരുന്നു. സ്കൂളിൽ പോകുവാൻ സാഹചര്യമില്ലാത്തവർക്കായും, പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായും സൗജന്യ ട്യൂഷൻ സെന്റർ നാം നടത്തിവരുന്നു. KG സെക്ഷനിലെ കുഞ്ഞുങ്ങൾക്കായി ഇംഗ്ലീഷ് മീഡിയം സ്കൂളും നടത്തുന്നുണ്ട്. ഗോയൽകോണ, ദേവ്ഗോൺ, നവ്ഗാവ് എന്നീ ഗ്രാമങ്ങളിലെ നൂറോളം കുട്ടികൾ ട്യൂഷൻ സെന്ററിൽ കടന്നുവരുന്നു. നമ്മൾ അവരെ രാവിലെ ട്യൂഷനുശേഷം ഭക്ഷണം നൽകി സ്കൂളിലേക്ക് അയക്കുന്നു.

**നമ്മുടെ ജന്മദിനം, വിവാഹദിനം മുതലായ ഓർമ്മദിവസങ്ങളിൽ ഈ ആദിവാസികളായ, ദരിദ്രരായ മക്കൾക്ക് ഒരു ദിവസത്തെ ആഹാരം നൽകി ആഘോഷമാക്കാം. ഒരു ദിവസത്തെ ആഹാര ക്രമീകരണങ്ങൾക്ക് 5000/– മാത്രം.**

FEDERAL BANK

helpindia1@fbl

ഹെൽപ്പ് ഇന്ത്യ മിഷൻ നിർവ്വഹിക്കുന്ന വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കായി
ഈ അക്കൗണ്ട് നമ്പറിൽ (A/C No. 100 302 000 284 26)
അയക്കുന്ന സംഭാവനകൾക്ക് Income Tax ഇളവ് (80G പ്രകാരം) ലഭിക്കുന്നതാണ്.

## BANK DETAILS

HELP INDIA MISSION
A/C No. 100 302 000 284 26

V.P. MATHAI *(Official)*
A/C No. 100 301 005 826 13

Federal Bank, Perumbavoor
IFSC: FDRL0001003

പണം അയക്കുന്നവർ നിർബന്ധമായും പേരും മൊബൈൽ നമ്പറും വിലാസവും ഓഫീസിൽ നൽകേണ്ടതാണ്.

Email: him.helpindia@gmail.com | Ph: 9747407654

RNI Reg. No. KERMAL/2009/34305

GOSPEL MESSENGER MONTHLY വരിസംഖ്യ : ₹ 200 (1 വർഷം), ₹ 500 (3 വർഷം), ₹ 800 (5 വർഷം)

# യുവജനസംഗമം

01.02.2026 ഞായർ

6 pm - 9.15 pm അല്ലപ്ര മിഷൻ സെന്ററിൽ വച്ച്

# രക്ഷാസന്ദേശം

ടി. വി പ്രോഗ്രാം

POWERVISION

പവർവിഷൻ ചാനലിൽ
ബുധനാഴ്ച രാത്രി 9 ന്



## യൂട്യൂബ് ചാനൽ സന്ദർശിക്കുക

www.youtube.com/egmof india Subscribe

ഇ. ജി. എം. ഓഫ് ഇന്ത്യയുടെ വിവിധ പ്രോഗ്രാമുകൾ YouTube ചാനലിൽ ലഭ്യമാണ്.

Printed, Published and Owned by V.P. Mathai, Printed at Don Bosco IGACT, Vennala P.O., Kochi - 682 028
and Published from Ecumenical Gospel Mission of India, P.B. No. 57, P.P. Road, Perumbavoor, Ekm - 683 542
Editor : Baby George, Ecumenical Gospel Mission of India, Perumbavoor.